വാല്യം 6, ലക്കം 24

ജൂൺ 16-30, 2026

സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ






ഇ-പകർപ്പിനായി

12-ാമത് അന്താരാഷ്ട്ര യോഗ ദിനം

## ആരോഗ്യകരമായ ലോകത്തിനായി

## ഇന്ത്യയുടെ ശാശ്വത ഉപായം

ശാരീരികവും മാനസികവും ആത്മീയവുമായ ക്ഷേമത്തിന്റെ ആഗോള ആഘോഷമായ അന്താരാഷ്ട്ര യോഗ ദിനം, വിവിധ രാജ്യങ്ങളിലെയും സംസ്കാരങ്ങളിലെയും ജനങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്നതിനുള്ള കരുത്തുറ്റ മാധ്യമമായി ഉയർന്നുവന്നിട്ടുണ്ട്. ഇന്ന്, ഇന്ത്യയുടെ ഈ പുരാതന സമ്മാനം മികച്ച പൊതുജനാരോഗ്യത്തിലേക്കും ആന്തരിക സമാധാനത്തിലേക്കുമുള്ള പുതിയ പാതകൾ തുറന്ന്, ആഗോള പ്രസ്ഥാനമായി മാറിയിരിക്കുന്നു.

Follow Us @NISPIBIndia



# മഹത്തായ ചോള സാമ്രാജ്യം: ചരിത്രത്തിലും സംസ്കാരത്തിലും അഭിമാനം

***എല്ലാ മാസവും, ജനപ്രിയ റേഡിയോ പരിപാടിയായ 'മൻ കീ ബാത്തി'ലേക്കു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു നിരവധി സന്ദേശങ്ങളാണു ലഭിക്കുന്നത്. ഈ പരിപാടിയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പൗരന്മാരുമായി ജനകേന്ദ്രീകൃതമായ സംവാദം നടത്തുന്നു. 2026 മെയ് 31 – നു പ്രക്ഷേപണംചെയ്ത 'മൻ കീ ബാത്തി'ന്റെ 134 – ാം പതിപ്പിൽ, വേനൽച്ചൂടിൽ നിന്നു സംരക്ഷണം നേടുന്നതിനുള്ള നിർദേശങ്ങൾ പങ്കുവച്ച പ്രധാനമന്ത്രി മോദി, ശരീരത്തിൽ ജലാംശം നിലനിർത്താൻ ശ്രോതാക്കളെ ഉപദേശിച്ചു. കൂടാതെ, ചോള സാമ്രാജ്യത്തിന്റെ സമ്പന്നമായ ചരിത്രവും സംസ്കാരവും ഉൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. 'മൻ കീ ബാത്തി'ൽ നിന്നുള്ള എഡിറ്റ് ചെയ്ത പ്രസക്തഭാഗങ്ങൾ ഇതാ...***

- **ദേശീയ റെക്കോർഡുകൾ:** ഝാർഖണ്ഡിലെ റാഞ്ചിയിലാണു ദേശീയ സീനിയർ അത്‌ലറ്റിക്സ് ഫെഡറേഷൻ മത്സരം നടന്നത്. രാജ്യത്തുടനീളമുള്ള എണ്ണൂറോളം കായികതാരങ്ങൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിനിടെ നാലു വ്യത്യസ്ത ഇനങ്ങളിലായി നാലു ദേശീയ റെക്കോർഡുകൾ സൃഷ്ടിക്കപ്പെട്ടു.

- **ചൂടിൽ നിന്നുള്ള സംരക്ഷണം:** നിലവിൽ രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കടുത്ത ചൂടാണ് അനുഭവപ്പെടുന്നത്. കത്തുന്ന വെയിലും ചൂടുകാറ്റും ഉള്ളതിനാൽ, ഇത്തരം കാലാവസ്ഥയിൽ സ്വന്തം കാര്യം കൃത്യമായി ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ധാരാളം വെള്ളം കുടിച്ച് ശരീരത്തിൽ ജലാംശം നിലനിർത്തുക. വെയിലത്തേക്ക് ഇറങ്ങേണ്ടി വന്നാൽ ജാഗ്രതയോടെ ഇറങ്ങുക. കൂടാതെ, ചൂടിനെതിരായ സുരക്ഷയുമായി ബന്ധപ്പെട്ടു വിവിധ ഗവൺമെന്റ് വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കാൻ മറക്കരുത്.

- **സത്തു സർബത്ത്:** ബിഹാർ, ഝാർഖണ്ഡ്, കിഴക്കൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ സത്തു സർബത്ത് അത്ഭുതകരമായ ഒന്നാണ്. ഇതു വയറു നിറയ്ക്കുകയും കരുത്തുപകരുകയും ചെയ്യുന്നു.

- **ചെമ്പ് ഫലകങ്ങൾ:** നെതർലൻഡ്സ് സന്ദർശനത്തിനിടെ ഓരോ ഇന്ത്യക്കാരനെയും അഭിമാനം കൊള്ളിച്ച നിമിഷം ഉണ്ടായി. അവിടെ നടന്ന പ്രത്യേക ചടങ്ങിൽ, ചോള കാലഘട്ടത്തിലെ പുരാതന ചെമ്പ് ഫലകങ്ങൾ ഇന്ത്യക്കു തിരികെ കൈമാറി.

- **ജ്യോതിശാസ്ത്രം:** നമ്മുടെ രാജ്യത്ത്, ജ്യോതിശാസ്ത്രം എല്ലാ തലമുറകളിലും ജിജ്ഞാസ ഉണർത്തിയിട്ടുണ്ട്. ഇത് പര്യവേക്ഷണങ്ങൾക്കു പ്രചോദനം നൽകിയിട്ടുണ്ട്; ഇന്നത്തെ യുവാക്കളിലും വലിയ ഉത്സാഹം ദൃശ്യമാണ്.

- **ഡോൾഫിനുകൾ:** ഡോൾഫിൻ രക്ഷാ ആംബുലൻസ് മൊബൈൽ ആശുപത്രിയായി പ്രവർത്തിക്കാൻ തക്കവണ്ണമാണു രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓക്സിജൻ പിന്തുണ, പ്രത്യേക സ്ട്രെച്ചറുകൾ, രക്ഷാപ്രവർത്തനത്തിനുള്ള ഉപകരണങ്ങൾ എന്നിവയുൾപ്പെടെ ഡോൾഫിനുകളുടെ സുരക്ഷ ഉറപ്പാക്കാനുള്ള സൗകര്യങ്ങൾ ഇതിൽ സജ്ജീകരിച്ചിരിക്കുന്നു. ഒരു ഡോൾഫിന് പരിക്കേൽക്കുകയോ കനാലിൽ കുടുങ്ങുകയോ ചെയ്താൽ ഉടനടി സഹായം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും.

- **ജൈവവൈവിധ്യം:** നാം ഗംഗാ ഡോൾഫിനെ സംരക്ഷിക്കുമ്പോൾ, ഒരു ജീവി വർഗത്തെ മാത്രമല്ല നാം സംരക്ഷിക്കുന്നത്; മറിച്ച് ഗംഗാനദിയുടെ ജൈവവൈവിധ്യത്തെയാണ് നിലനിർത്തുന്നത്. നദിയുടെ സമ്പൂർണ ആവാസവ്യവസ്ഥയെയാണ് നാം കാത്തുസൂക്ഷിക്കുന്നത്; അതിലൂടെ വരുംതലമുറകൾക്കായി വിലമതിക്കാനാകാത്ത പ്രകൃതിദത്ത പൈതൃകമാണ് നാം സംരക്ഷിക്കുന്നത്.

- **സേവനത്തിനു വലിയ വിഭവങ്ങൾ ആവശ്യമില്ല:** കേരളത്തിലെ ആലുവയിൽ സജി വാളാശ്ശേരിൽ പതിനയ്യായിരത്തിലധികം വ്യക്തികളെ നീന്തൽ പഠിപ്പിച്ചിട്ടുണ്ട്. നിരവധി വിദ്യാർഥികൾക്ക് ജീവൻ നഷ്ടപ്പെട്ട ബോട്ട് ദുരന്തത്തിന്റെ വേദനയെ തുടർന്നാണ് അദ്ദേഹം ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. സേവനത്തിൽ ഏർപ്പെടാൻ ഒരാൾക്ക് വലിയ വിഭവങ്ങളുടെ ആവശ്യമില്ലെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു; അതിന് യഥാർഥത്തിൽ വേണ്ടത് ഉദാത്തമായ ലക്ഷ്യവും അചഞ്ചലമായ സ്ഥിരോത്സാഹവുമാണ്.

- **ദേശസ്നേഹ മനോഭാവം:** ഗിരിജ അമ്മ പതിനഞ്ചോളം സ്കൂളുകൾ നടത്തുന്നുണ്ട്. അവയിൽ ചെന്നൈയിലെ ജയ്ഗോപാൽ ഗരോഡിയ ഹിന്ദു വിദ്യാലയം പ്രമുഖ സ്ഥാപനമായി വേറിട്ടുനിൽക്കുന്നു. അവരുടെ ദേശസ്നേഹം ഓരോ ഇന്ത്യൻ പൗരനും പ്രചോദനമാണ്.

- **ജനശക്തി:** ഇന്ത്യയിലെ ഓരോ ഗ്രാമത്തിലും നഗരത്തിലും പ്രചോദനാത്മകമായ എന്തെങ്കിലും കാര്യങ്ങൾ നിരന്തരം നടക്കുന്നുണ്ട്. പലപ്പോഴും, ഈ ശ്രമങ്ങൾക്ക് വ്യാപകമായ ശ്രദ്ധ ലഭിക്കാറില്ല; എങ്കിലും, നാം ഇവയെക്കുറിച്ച് അറിയുമ്പോൾ നമ്മുടെ ഒരു വിശ്വാസം കൂടുതൽ ശക്തമാകുന്നു-ജനങ്ങളുടെ കൂട്ടായ കരുത്തിലൂടെയാണ് നമ്മുടെ രാജ്യം പുരോഗമിക്കുന്നത് എന്ന വിശ്വാസം.

- **സൽപ്രവൃത്തികൾ:** നിങ്ങളുടെ ചുറ്റുപാടുകളിലും ഇത്തരം സംരംഭങ്ങൾ സജീവമായി ശ്രദ്ധിക്കാൻ ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു. സമൂഹത്തിനായി നല്ല കാര്യങ്ങൾ ചെയ്യുന്ന വ്യക്തികളെ കണ്ടെത്തുക; അവരുടെ ശ്രമങ്ങളെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക, അവരിൽ നിന്ന് പഠിക്കുക-സാധ്യമെങ്കിൽ-ഒരു ഉദാത്തമായ ലക്ഷ്യത്തിനായി നിങ്ങളും അവരോടൊപ്പം ചേരുകയും സംഭാവന നൽകുകയും ചെയ്യുക.

*"മൻ കീ ബാത്" കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

ന്യൂ ഇന്ത്യ
സമാചാർ
വാല്യം 6, ലക്കം 23 | ജൂൺ 1-15, 2026



എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,**
**പ്രസ് ഇൻഫർമേഷൻ ബ്യൂറോ,**
**ന്യൂഡൽഹി**

ചീഫ് കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**





ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ.........



**കവർ സ്റ്റോറി**


ഈ വർഷം ജൂൺ 21, പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കുകയാണ്; തീർച്ചയായും ഇതു തികച്ചും സവിശേഷമായ സന്ദർഭമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവണ്മെന്റ് 12 വർഷം പൂർത്തിയാക്കുന്ന വർഷം കൂടിയാണിത് എന്നതിനാൽ, ഈ ജൂൺ ആഘോഷത്തിന്റെ മാസമായി മാറിയിരിക്കുന്നു. | 8-17

**പത്മ പുരസ്കാരങ്ങൾ 2026**



**രാജ്യത്തിന്റെ വീരനായകർക്ക് ആദരം...**



ഒന്നാം പൊതു പുരസ്കാര ദാന ചടങ്ങിൽ രാജ്യത്തെ 66 വിശിഷ്ട വ്യക്തികൾക്ക് 2026-ലെ പത്മ പുരസ്കാരങ്ങൾ സമ്മാനിച്ചു. |22-27

**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: വിനിത സോറൻ**
എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ ഇന്ത്യൻ ഗോത്രവർഗ വനിത |6

**കൃത്യമായ നിരീക്ഷണത്തിനും ജനപങ്കാളിത്തത്തിനും ഊന്നൽ**
പ്രധാനമന്ത്രി മോദി 51-ാം പ്രഗതി യോഗത്തിൽ അധ്യക്ഷനായി |7

**യുവാക്കളുടെ നിരന്തരമായ പുരോഗതി: വികസിത ഇന്ത്യയുടെ കരുത്ത്**
തൊഴിൽ മേളയിൽ 51,000-ത്തിലധികം നിയമനപത്രങ്ങൾ വിതരണംചെയ്തു |18-19

**ഭക്ഷ്യ സുരക്ഷയ്ക്കും സംശുദ്ധ ഗതാഗതത്തിനും പുതിയ ഉത്തേജനം**
കേന്ദ്രമന്ത്രിസഭാ യോഗത്തിലെ സുപ്രധാന തീരുമാനങ്ങൾ |20-21

**യൂറോപ്പ് മുതൽ ഗൾഫ് വരെ**
**ഇന്ത്യയുടെ വർധിച്ചുവരുന്ന ആഗോള ശക്തിയുടെ പ്രകടനം**
യുഎഇ, നെതർലൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി മോദിയുടെ സന്ദർശനങ്ങൾ ഇന്ത്യയുടെ പുതിയ ആഗോള തന്ത്രത്തിന്റെ കരുത്തുറ്റ ആവിഷ്കാരമായി മാറുന്നു. |28-32





**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്

## യോഗ: ഇന്ത്യയുടെ പുരാതന പൈതൃകം, ലോകത്തിന്റെ അടയാളം

**നമസ്കാരം!**

ജൂൺ മാസം ആഘോഷത്തിന്റെ സമയമാണ് കൂടെക്കൊണ്ടുവരുന്നത്. ഒരു വശത്ത്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവണ്മെന്റ് ഈ മാസം 12 വർഷം പൂർത്തിയാക്കുകയാണ്; മറുവശത്ത്, ലോകം 12-ാമത് അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുന്നു. 12 എന്ന സംഖ്യയുടെ ഈ ശുഭകരമായ സംഗമം ഈ കാലയളവിനെ അവസരങ്ങളുടെയും ആഘോഷങ്ങളുടെയും മഹാസംഗമമാക്കി മാറ്റിയിരിക്കുന്നു.

ഇന്നത്തെ വേഗതയേറിയ ജീവിതത്തിൽ, മനസ്സ്, ശരീരം, ബുദ്ധി, ആത്മാവ് എന്നിവ തമ്മിൽ സന്തുലിതാവസ്ഥ വളർത്തുകയാണ് യോഗ. അതിലൂടെ ഒരു വ്യക്തിയുടെ ജീവിതത്തിൽ സമാധാനത്തിന്റെ അനുഭൂതി പകരുകയും ചെയ്യുന്നു. വ്യക്തിയെ കുടുംബവുമായി ബന്ധിപ്പിക്കുന്നതിലൂടെ, യോഗ സന്തോഷത്തിലേക്കും സുസ്ഥിതിയിലേക്കുമുള്ള പാത ഒരുക്കുന്നു. കുടുംബങ്ങൾക്കുള്ളിൽ സമൂഹത്തോടുള്ള സംവേദനക്ഷമത വളർത്തിയെടുക്കുന്നതിലൂടെ, ഇത് സാമൂഹ്യ സൗഹാർദം ശക്തിപ്പെടുത്തുന്നു. ഈ സമൂഹം തന്നെയാണ് ദേശീയ ഐക്യത്തിന്റെ അടിത്തറ പാകുന്നതും ലോകമെമ്പാടും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുന്നതും. അങ്ങനെ, വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയും ലോകത്തെയും ഒപ്പം സമസ്ത മാനവികതയെയും തമ്മിൽ കൂട്ടിയിണക്കുന്നതിന് യോഗ സഹായിക്കുന്നു.

2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ശ്രമങ്ങൾക്ക് ആഗോള സമൂഹത്തിൽ നിന്ന് അഭൂതപൂർവമായ പിന്തുണയാണ് ലഭിച്ചത്; ഇതിന്റെ ഫലമായി 2015 മുതൽ എല്ലാ വർഷവും ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കാൻ തുടങ്ങി. ഇന്ത്യയിലെ യോഗയുടെ പാരമ്പര്യത്തിന് ഏകദേശം 5,000 വർഷത്തെ പഴക്കമുണ്ടെങ്കിലും, ഐക്യരാഷ്ട്ര പൊതുസഭയുടെ അംഗീകാരം ഇതിന് ആഗോള സ്വത്വം സമ്മാനിച്ചു. ഇതോടൊപ്പം, യോഗയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെടുകയും, ഇത് ആരോഗ്യപരിപാലനത്തിനും സാമ്പത്തിക ശാക്തീകരണത്തിനും പുതിയ ഉത്തേജനം നൽകുകയും ചെയ്തു. ഇന്ന്, യോഗ ഇന്ത്യയുടെ ആഗോള അടയാളമായി ഉയർന്നുവന്നിരിക്കുന്നു. എല്ലാ വർഷവും ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കുന്നു. ഈ പ്രമേയമാണ് നമ്മുടെ ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

കൂടാതെ, വ്യക്തിത്വ വിഭാഗത്തിൽ എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ ഇന്ത്യൻ ഗോത്രവർഗ വനിതയായ വിനിത സോറനെക്കുറിച്ച് വായിക്കാം. കേന്ദ്ര മന്ത്രിസഭായോഗ തീരുമാനങ്ങൾ, പ്രധാനമന്ത്രിയുടെ വിദേശ സന്ദർശനം, തൊഴിൽമേള, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന 51-ാം പ്രഗതി യോഗം എന്നിവയും അദ്ദേഹത്തിന്റെ രണ്ടാഴ്ചത്തെ പരിപാടികളും മറ്റു പ്രസക്തഭാഗങ്ങളാണ്. കൂടാതെ, ഈ ലക്കത്തിന്റെ ഉൾക്കവറിൽ 'മൻ കീ ബാത്തും', എല്ലാ വർഷവും ജൂൺ 27-ന് ആചരിക്കുന്ന അന്താരാഷ്ട്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ (MSME) ദിനത്തെക്കുറിച്ച് പിൻകവറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

***ദയവായി നിങ്ങളുടെ നിർദേശങ്ങൾ ഞങ്ങൾക്ക് തുടർന്നും അയക്കുക.***



**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




**പ്രചോദനാത്മകവും ഉപകാരപ്രദവുമായ ദ്വൈവാരിക പ്രസിദ്ധീകരിക്കുന്നതിന് ആശംസകൾ**

'ന്യൂ ഇന്ത്യ സമാചാർ' 2026 മെയ് 1-15 പതിപ്പിൽ പ്രസിദ്ധീകരിച്ച "പുതിയ ഇന്ത്യയും സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഭരണവും" എന്ന കവർ സ്റ്റോറിയെ ഞാൻ പൂർണഹൃദയത്തോടെ അഭിനന്ദിക്കുന്നു. 'പുതിയ ഇന്ത്യ'യിൽ സ്ത്രീകൾ എങ്ങനെയാണ് മാറ്റത്തിന്റെയും രാഷ്ട്രനിർമാണത്തിന്റെയും യഥാർഥ ചാലകശക്തികളായി ഉയർന്നുവരുന്നതെന്ന് ഈ ഫീച്ചർ മനോഹരമായി ചിത്രീകരിച്ചു. "അവൾ മുൻകൂട്ടി നിശ്ചയിച്ച അതിരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കേണ്ടവളല്ല... മറിച്ച്, പുതിയ പാതകൾ വെട്ടിത്തുറക്കേണ്ടവളാണ്" എന്ന വരികൾ ഏറെ പ്രചോദനാത്മകമായിരുന്നു. നാരീശക്തിക്കു കരുത്തേകുന്നതിനും സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടും പ്രതിജ്ഞാബദ്ധതയും ഫലപ്രദമായി എടുത്തുകാട്ടാൻ ഈ ലേഖനത്തിന് സാധിച്ചു. ഇത്തരമൊരു പ്രചോദനാത്മകമായ ഫീച്ചർ പ്രസിദ്ധീകരിച്ചതിന് എഡിറ്റോറിയൽ ടീമിന് അഭിനന്ദനങ്ങൾ.

michaelbks@gmail.com

---

**എല്ലാ പുതിയ വികസന വാർത്തകളും സംരംഭങ്ങളും അറിയാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം**

രാജ്യത്ത് നടക്കുന്ന വികസന പ്രയാണം ഉൾക്കൊള്ളിച്ചുള്ള ഈ സമഗ്രമായ മാഗസിന് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ ദയവായി സ്വീകരിച്ചാലും. ഞാൻ ഈ പ്രസിദ്ധീകരണത്തിന്റെ സ്ഥിരം വായനക്കാരനാണ്. ഗവൺമെന്റ് നടപ്പാക്കുന്ന എല്ലാ പുതിയ വികസന വാർത്തകളെക്കുറിച്ചും സംരംഭങ്ങളെക്കുറിച്ചും അറിയാൻ സാധിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

**മൻമോഹൻ ബഹേദ്**

man.bahed82@gmail.com

**മാഗസിൻ വായനക്കാരുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്നു**

'ന്യൂ ഇന്ത്യ സമാചാർ' പ്രധാന പദ്ധതികളെയും 'പുതിയ ഇന്ത്യ'യുടെ കരുത്തിനെയും എടുത്തുകാട്ടുന്നു. ബോധവാനായ പൗരന്റെ കാഴ്ചപ്പാടിൽനിന്നാണ് ഈ ക്രിയാത്മകമായ ഉള്ളടക്കം തയാറാക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. അത് വായനക്കാരുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. ഇന്ത്യയുടെ പുരോഗതി രേഖപ്പെടുത്തുന്ന നിങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്കും അതിനായി ചെലവഴിച്ച വിലയേറിയ സമയത്തിനും എന്റെ ഹൃദയംഗമമായ നന്ദി.

**രാജാ മുത്യാല**

rajaa.muthyala@gmail.com

---

**അതിവേഗം പുരോഗമിക്കുന്ന ഇന്ത്യ**

ന്യൂ ഇന്ത്യ സമാചാറിലെ ഓൺലൈൻ ലേഖനം വായിക്കാൻ എനിക്ക് അവസരം ലഭിച്ചു. നമ്മുടെ ഇന്ത്യ അതിവേഗത്തിലാണ് പുരോഗമിക്കുന്നത്. രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഓരോ സ്ത്രീയിലും ഞാൻ അഭിമാനം കൊള്ളുന്നു. 'ഓപ്പറേഷൻ സിന്ദൂർ' വഴി ഇന്ത്യയുടെ സവിശേഷമായ കരുത്ത് ലോകം ദർശിച്ചു.

jamesdevassy603@gmail.com

---

**വികസനത്തിന്റെ പാതയിൽ മുന്നേറുന്ന രാജ്യം**

രാജ്യത്തിന്റെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, കാശി വിശ്വനാഥ ക്ഷേത്രത്തിലെ വേദ ഘടികാരത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തെക്കുറിച്ച് ഞാൻ ആദ്യമായി അറിയാൻ ഇടയായി. പ്രധാനമന്ത്രി മോദിയുടെ കാര്യപ്രാപ്തിയുടെയും ദീർഘവീക്ഷണമുള്ള ചിന്തകളുടെയും കരുത്തിൽ, നമ്മുടെ രാജ്യമായ ഇന്ത്യ വികസനത്തിന്റെ പാതയിൽ മുന്നോട്ട് കുതിക്കുന്നത് രാജ്യത്തിന്റെ ഭാഗ്യമാണ്. കൂടാതെ, ഇത് വരുംതലമുറകൾക്ക് പ്രചോദനമായി വർത്തിക്കുന്നു; ഭാവി തലമുറ കൂടുതൽ അവബോധമുള്ളവരാകുകയാണ്.

**നീരജ് കുമാർ അഗർവാൾ**

neerajagarwal951@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003

ഇ-മെയിൽ: response-nis@pib.gov.in



## വികസിത് ഭാരത്-ജി റാം ജി ജൂലൈ 1 മുതൽ പ്രാബല്യത്തിൽ

ഇന്ത്യയിലെ ഗ്രാമീണ വികസനത്തിനും തൊഴിലിനും പുതിയ ദിശ നൽകുക എന്ന ലക്ഷ്യത്തോടെയുള്ള ‘വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ’ അഥവാ ‘വികസിത് ഭാരത്-ജി റാം ജി ‘ നിയമം 2026 ജൂലൈ 1 മുതൽ രാജ്യമെമ്പാടും നിലവിൽ വരും. ഈ പുതിയ ചട്ടക്കൂടിന് കീഴിൽ, അവിദഗ്ധ ശാരീരികാധ്വാനത്തിന് അപേക്ഷിക്കുന്ന ഗ്രാമീണ കുടുംബങ്ങളിലെ പ്രായപൂർത്തിയായ ഓരോ അംഗത്തിനും ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ വേതനാധിഷ്ഠിത തൊഴിലിന്റെ നിയമപരമായ ഉറപ്പു നൽകും. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് (MGNREGA) കീഴിൽ നൽകുന്ന 100 ദിവസത്തെ തൊഴിലുറപ്പിനേക്കാൾ 25 ദിവസത്തെ വർധനയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

നിർദിഷ്ട സമയപരിധിക്കുള്ളിൽ തൊഴിലാളികൾ ആവശ്യപ്പെടുന്ന ജോലി അവർക്ക് നൽകേണ്ടതാണ്; ഇതിൽ വീഴ്ച വരുത്തിയാൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലില്ലായ്മ വേതനത്തിന് തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കും. മസ്റ്റർ റോൾ അവസാനിപ്പിച്ച് ഒരാഴ്ചയ്ക്കുള്ളിലോ അല്ലെങ്കിൽ 15 ദിവസത്തിനകമോ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം വഴി (DBT) തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് വേതനം വിതരണം ചെയ്യും. ഈ സമയക്രമം പാലിച്ചില്ലെങ്കിൽ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കാലതാമസത്തിനുള്ള നഷ്ടപരിഹാരം ലഭിക്കാൻ തൊഴിലാളികൾക്ക് യോഗ്യതയുണ്ടായിരിക്കും. പുതിയ ഗ്രാമീണ തൊഴിലുറപ്പ് കാർഡുകൾ വിതരണം ചെയ്യുന്നതുവരെ, നിലവിൽ e-KYC പരിശോധിച്ചുറപ്പിച്ച MGNREGA തൊഴിൽ കാർഡുകൾ, ‘വികസിത് ഭാരത്-ജി റാം ജി’ പദ്ധതിക്ക് കീഴിൽ സാധുവായിരിക്കും. e-KYC പരിശോധന പൂർത്തിയാകാനുണ്ട് എന്ന കാരണത്താൽ മാത്രം ഒരു തൊഴിലാളിക്കും തൊഴിൽ നിഷേധിക്കില്ല.

## ഭോപ്പാലിൽ നേവൽ സെയിലിങ് നോഡ് ഉദ്ഘാടനം ചെയ്തു

ഭോപ്പാലിലെ പ്രശസ്തമായ ഭോജ്താൽ എന്നും അറിയപ്പെടുന്ന അപ്പർ ലേക്കിൽ ഇന്ത്യൻ നാവികസേനയുടെ ഫ്ലാഗ്ഷിപ്പ് നേവൽ സെയിലിങ് നോഡ് 2026 മെയ് 17-ന് ഉദ്ഘാടനം ചെയ്തു. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഈ സെയിലിങ് നോഡ്, ഇന്ത്യൻ നേവിയുടെ സെയിലിങ് ടീമിനും റോയിങ്, കാനോയിങ്, കയാക്കിങ് ടീമുകൾക്കും നാഷണൽ കേഡറ്റ് കോർപ്സിനും (NCC) വിപുലമായ പരിശീലനം നൽകുന്നതിനായി ഉപയോഗിക്കും. നിലവിൽ, 34 അംഗങ്ങളുള്ള നേവൽ സെയിലിങ് ടീമിലെ 17 പേർ മധ്യപ്രദേശ് സ്വദേശികളാണ്. മത്സരബുദ്ധിയോടെയുള്ള ജലകായിക വിനോദങ്ങളിലേക്ക് സംസ്ഥാനത്തെ കൂടുതൽ യുവജനങ്ങളെ ആകർഷിക്കാനും പ്രതിരോധ സേനയുടെ ഭാഗമാകാൻ അവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ കേന്ദ്രത്തിലൂടെ ലക്ഷ്യമിടുന്നത്. ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് എന്നിവയ്ക്കായി ലോകോത്തര കായിക പ്രതിഭകളെ വളർത്തിയെടുക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാട് യാഥാർഥ്യമാക്കുന്നതിലേക്കുള്ള സുപ്രധാനമായ ചുവടുവയ്പ് കൂടിയാണ് ഈ സംരംഭം.




## ‘കോഫീസ് ഓഫ് നാഗാലാൻഡ്’ ദൗത്യത്തിന് തുടക്കമായി

നാഗാലാൻഡിനായി ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള ‘കോഫി വാല്യൂ ചെയിൻ ഡെവലപ്മെന്റ് മിഷൻ’ ആരംഭിച്ചു. 175 കോടി രൂപ വകയിരുത്തിയാണ് ‘കോഫീസ് ഓഫ് നാഗാലാൻഡ്’ ദൗത്യത്തിന്റെ ചട്ടക്കൂട് തയ്യാറാക്കിയിരിക്കുന്നത്. താഴേത്തട്ടിലുള്ള യാഥാർഥ്യങ്ങൾക്കും കോഫി ഉല്പാദിപ്പിക്കുന്ന സമൂഹങ്ങളുടെ അഭിലാഷങ്ങൾക്കും അനുസൃതമായ നടപടികൾ ഉറപ്പാക്കുന്ന രീതിയിലാണ് ഈ ദൗത്യം വിഭാവനം ചെയ്തിരിക്കുന്നത്. ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള സമീപനത്തിന് അനുയോജ്യമാണ് ഈ ദൗത്യം. കൂടാതെ, വടക്കുകിഴക്കൻ മേഖല വികസന-കമ്മ്യൂണിക്കേഷൻസ് മന്ത്രി ജ്യോതിരാദിത്യ എം സിന്ധ്യ, ‘അരുണാചൽ കിവി: അരുണാചൽ പ്രദേശിന്റെ യുഎസ്പി - അരുണാചൽ പ്രദേശ് സംസ്ഥാനത്തിനായുള്ള ക്ലസ്റ്റർ അധിഷ്ഠിത കിവി കൃഷിയും മൂല്യശൃംഖല വികസന ദൗത്യവും ഉദ്ഘാടനം ചെയ്തു.



# ഇന്ത്യയുടെ ആദ്യ തദ്ദേശീയ ഹൈഡ്രജൻ ട്രെയിൻ

ഇന്ത്യയുടെ ആദ്യ തദ്ദേശീയ ഹൈഡ്രജൻ ട്രെയിൻ ട്രാക്കിലിറങ്ങാൻ സജ്ജമായി. 1200 കിലോവാട്ട് എൻജിൻ കരുത്തു പകരുന്ന, പുകരഹിതവും മലിനീകരണമുക്തവുമായ ഈ അത്യാധുനിക ട്രെയിൻ മണിക്കൂറിൽ പരമാവധി 75 കിലോമീറ്റർ വേഗതയിലായിരിക്കും സർവീസ് നടത്തുക. 10 കോച്ചുള്ള, ഹൈഡ്രജൻ ഇന്ധനസെൽ അടിസ്ഥാനമാക്കിയുള്ള ഈ ട്രെയിൻ വടക്കൻ റെയിൽവേയുടെ ജീന്ദ്-സോനീപത് സെക്ഷനിൽ ഓടിക്കാൻ റെയിൽവേ മന്ത്രാലയം അനുമതി നൽകി. റെയിൽവേ മേഖലയിലെ അടുത്ത തലമുറ ഇന്ധന സാങ്കേതികവിദ്യയുടെ വികസനത്തിലെ സുപ്രധാനമായ നാഴികക്കല്ലായാണ് ഈ സംരംഭം വാഴ്ത്തപ്പെടുന്നത്.

ഈ ഹൈഡ്രജൻ ട്രെയിൻ സംരംഭത്തിന് തുടക്കം കുറിച്ചതോടെ, സംശുദ്ധ റെയിൽ ഗതാഗതത്തിനായി ഹൈഡ്രജൻ ഉപയോഗിക്കാനുള്ള സാധ്യതകൾ സജീവമായി പര്യവേക്ഷണം ചെയ്യുന്ന ജർമനി, ജപ്പാൻ, ചൈന, അമേരിക്ക തുടങ്ങിയ തെരഞ്ഞെടുത്ത രാജ്യങ്ങളുടെ 'എലൈറ്റ് ക്ലബ്ബി'ൽ ഇന്ത്യയും ഇടംപിടിച്ചിരിക്കുകയാണ്. "പുതിയ ചിന്തയും പുതിയ ഊർജവുമുള്ള" "നവ ഇന്ത്യയെ" പ്രതിനിധാനം ചെയ്യുന്ന ഈ ഹൈഡ്രജൻ ട്രെയിൻ ജലബാഷ്പം മാത്രമാണ് പുറന്തള്ളുന്നത്. സംശുദ്ധ ഊർജത്തിൽ പ്രവർത്തിക്കുന്നതും തദ്ദേശീയ സാങ്കേതികവിദ്യയും സുരക്ഷിതമായ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതുമായ ഈ ട്രെയിൻ, കാർബൺ പുറന്തള്ളൽ പൂജ്യത്തിലെത്തിക്കാനുള്ള ഇന്ത്യയുടെ പ്രയാണത്തിലെ നിർണായകമായ ചുവടുവയ്പ് കൂടിയാണ്.




## 'ഖേത് ബച്ചാവോ അഭിയാൻ' ജൂൺ 30 വരെ രാജ്യവ്യാപകമായി നടപ്പാക്കും

'ഖേത് ബച്ചാവോ അഭിയാൻ' എന്നത് കേവലം ബോധവൽക്കരണ പരിപാടിയല്ല; മറിച്ച് കൃഷിയിടത്തെയും കർഷകനെയും ഗ്രാമത്തെയും പരസ്പരം കൂട്ടിയിണക്കുന്നതും രാജ്യത്തെ ഓരോ ഗ്രാമത്തിലേക്കും എത്തിക്കുന്നതുമായ സമഗ്ര ദേശീയ യജ്ഞമാണ്. രാസവളങ്ങളുടെ ഉപയോഗം, പ്രത്യേകിച്ച് അവയുടെ അസന്തുലിതമായ പ്രയോഗം, കുറയ്ക്കുന്നതിലാണ് ഈ യജ്ഞം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളങ്ങളുടെ സന്തുലിതവും ഉചിതവുമായ ഉപയോഗത്തെക്കുറിച്ചുള്ള നിർദേശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കും.



## 'ജനസംഖ്യാ വ്യതിയാനം സംബന്ധിച്ച ഉന്നതലസമിതി'ക്കു രൂപം നൽകി

അനധികൃത കുടിയേറ്റം കൊണ്ടും മറ്റ് ഘടകങ്ങൾ കൊണ്ടും ഉണ്ടാകുന്ന അസ്വാഭാവികമായ ജനസംഖ്യാപരമായ മാറ്റങ്ങൾ ഏതു രാജ്യത്തിന്റെയും വർത്തമാനകാലത്തിനും ഭാവികാലത്തിനും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. ഈ വെല്ലുവിളി പരിഹരിക്കുന്നതിനായി, 2025 ഓഗസ്റ്റ് 15-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 'ജനസംഖ്യാപരമായ മാറ്റങ്ങളെക്കുറിച്ചുള്ള ഉന്നതാധികാര സമിതി'ക്കു രൂപം നൽകുമെന്നു പ്രഖ്യാപിച്ചിരുന്നു. ഈ നിർദേശത്തിന് 2025 സെപ്റ്റംബർ 11-ന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു. ഗവണ്മെന്റ് ഇപ്പോൾ ഈ സമിതിക്ക് ഔദ്യോഗികമായി രൂപം നൽകി. അനധികൃത കുടിയേറ്റത്താലും മറ്റ് അസ്വാഭാവിക കാരണങ്ങളാലും ഇന്ത്യയിലുടനീളം ഉണ്ടാകുന്ന ജനസംഖ്യാപരമായ മാറ്റങ്ങളെക്കുറിച്ച് ഈ സമിതി സമഗ്രമായ വിലയിരുത്തൽ നടത്തും; കൂടാതെ, നിർദിഷ്ട മത-സാമൂഹ്യ സമുദായങ്ങളുടെ തലത്തിലുള്ള അസ്വാഭാവിക ജനസംഖ്യാ വ്യതിയാനങ്ങളുടെ രീതികളെക്കുറിച്ച് ഇത് വിശകലനം ചെയ്യും. അതോടൊപ്പം, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥാപിതവും സമയബന്ധിതവുമായ പദ്ധതിയും സമിതി സമർപ്പിക്കും.



ജനന തീയതി: 1987 ജൂൺ 21

# എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ ഇന്ത്യൻ ഗോത്ര വനിത

*എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന ആദ്യ ഗോത്ര വനിതയായി ഝാർഖണ്ഡിലെ വിനീത സോറൻ ചരിത്രംകുറിച്ചു. തന്റെ 25-ാം വയസ്സിൽ വിനീത കീഴടക്കിയ ഉയരങ്ങൾ കഠിനാധ്വാനത്തിന്റെയും അദമ്യമായ കരുത്തിന്റെയും ഗാഥയ്ക്ക് സാക്ഷ്യം വഹിക്കുന്നതാണ്. ലോകത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയുടെ നെറുകയിൽ തൊട്ടതിലൂടെ, സ്വപ്നങ്ങൾക്ക് സാമൂഹ്യമായ അതിർവരമ്പുകളില്ലെന്ന് അവർ തെളിയിച്ചു. ഝാർഖണ്ഡിലെ ചെറിയ ഗ്രാമത്തിൽനിന്ന് ലോകത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയിലേക്കുള്ള വിനീത സോറന്റെ യാത്ര ഇന്ന് രാജ്യമെമ്പാടുമുള്ള പെൺകുട്ടികൾക്ക് പ്രചോദനമായി മാറിയിരിക്കുന്നു.*

എവറസ്റ്റ് കൊടുമുടി കീഴടക്കിയ വിനീത, ഗോത്രവർഗ പശ്ചാത്തലത്തിൽ നിന്ന് വന്നിട്ടും ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചത്. വയലുകളിലെ ജോലി, പരിമിതമായ വിദ്യാഭ്യാസം, പരിമിതമായ സ്വപ്നങ്ങൾ എന്നിവയെ ആശ്രയിച്ചായിരുന്നു ഗോത്രമേഖലയിലെ ജീവിതം; എന്നിട്ടും വിനീതയുടെ സ്വപ്നങ്ങൾ എവറസ്റ്റിനേക്കാൾ ഉയരത്തിലായിരുന്നു. 1987 ജൂൺ 21-ന് ജനിച്ച വിനീത, എവറസ്റ്റ് കൊടുമുടി കീഴടക്കുക മാത്രമല്ല, തന്റെ അഭിനിവേശം, വീര്യം, അചഞ്ചലമായ നിശ്ചയദാർഢ്യം എന്നിവയാൽ ഇന്ത്യൻ ഗോത്ര സമൂഹത്തിന് പുതിയ സ്വത്വം സമ്മാനിക്കുകയും ചെയ്തു.

കോൽഹാൻ മേഖലയുടെ മകളായ വിനീത സോറന്റെ കുട്ടിക്കാലം കൃഷിയിടങ്ങളാൽ ചുറ്റപ്പെട്ടതായിരുന്നു. അവളുടെ ഗ്രാമത്തിലും പരിസര പ്രദേശങ്ങളിലും പെൺകുട്ടികൾക്കുള്ള തൊഴിൽ സാധ്യതയായി കണക്കാക്കപ്പെട്ടിരുന്നത് അധ്യാപനമോ നഴ്സിങ്ങോ ആയിരുന്നു. എന്നാൽ അവളുടെ സ്വപ്നം തികച്ചും വ്യത്യസ്തമായിരുന്നു. ഒടുവിൽ എവറസ്റ്റ് കീഴടക്കുന്നതിന് മുൻപ് ഏഴ് വർഷത്തെ കഠിനാധ്വാനം അവൾക്ക് വേണ്ടിവന്നു. ഈ സമയത്ത്, പർവതാരോഹണം എന്നത് കേവലം ശാരീരിക ബലത്തിന്റെ മാത്രമല്ല, മാനസികമായ കരുത്തിന്റെയും ധൈര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും കൂടി പരീക്ഷയാണെന്ന് അവൾ മനസ്സിലാക്കി. കഠിനമായ തണുപ്പും മഞ്ഞുവീഴ്ചയും അവൾക്ക് നിരവധി വെല്ലുവിളികൾ നിറഞ്ഞ നിമിഷങ്ങൾ സമ്മാനിച്ചു. പലപ്പോഴും തനിക്ക് വ്യക്തമായ ലക്ഷ്യമില്ലെന്ന് അവൾക്ക് തോന്നിയിരുന്നു, എന്നാൽ ധൈര്യവും സ്ഥിരോത്സാഹവും ലോകം കീഴടക്കാനുള്ള അഭിനിവേശവും അവളെ മഞ്ഞുമൂടിയ മലനിരകളുടെ ഏറ്റവും ഉയർന്ന കൊടുമുടിയിലെത്തിച്ചു.

2004-ൽ വിനീത ആദ്യമായി ബചേന്ദ്രി പാലിനെ കണ്ടുമുട്ടുകയും അവരിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്, പർവതാരോഹകയാകുക എന്ന ലക്ഷ്യം നിശ്ചയിക്കുകയും ചെയ്തു. എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യത്തെ ഇന്ത്യൻ വനിതയായ ബചേന്ദ്രി പാലാണ് വിനീതയ്ക്ക് പരിശീലനം നൽകിയത്. ഒരു ഗോത്രവർഗ-കർഷക കുടുംബത്തിൽ നിന്ന് വന്നതിനാൽ പർവതാരോഹകയാകാനുള്ള പ്രചോദനം തുടക്കത്തിൽ അവൾക്കുണ്ടായിരുന്നില്ല. വീടുവിട്ടിറങ്ങുക എന്നതുതന്നെ എവറസ്റ്റ് കൊടുമുടി കയറുന്നതുപോലെ വലിയ ദൗത്യമായിരുന്നു. എന്നാൽ അവളുടെ കുടുംബം അവളെ വിശ്വസിക്കുകയും മുന്നോട്ട് പോകാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കഠിനമായ പരിശീലനത്തിന് ശേഷം, വിനീത എവറസ്റ്റ് കീഴടക്കാൻ സജ്ജയാണെന്ന് ബചേന്ദ്രി പാൽ പറഞ്ഞപ്പോൾ അവൾ ആവേശഭരിതയായി. ഒടുവിൽ അവർ എവറസ്റ്റ് കീഴടക്കുക തന്നെ ചെയ്തു. തുടർന്ന് മറ്റ് നിരവധി കൊടുമുടികളും അവർ കീഴടക്കി. ഇന്ന് അവളുടെ കുടുംബം അറിയപ്പെടുന്നത് വിനീതയുടെ പേരിലാണ്.

ഝാർഖണ്ഡിലെ സരായികേല ഖർസവാൻ ജില്ലയിലെ കേശോർസോര ഗ്രാമവാസിയായ വിനീതയുടെ എവറസ്റ്റ് പര്യവേഷണത്തിന്, കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വത്തിന്റെ ഭാഗമായി ടാറ്റ സ്റ്റീൽ പിന്തുണ നൽകിയിരുന്നു. ഒരു ഗ്രാമീണ ഗോത്രവർഗ പെൺകുട്ടി 8,848 മീറ്റർ ഉയരമുള്ള ലോകത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയിലേക്ക് നടത്തിയ ഈ കയറ്റം അതിനാൽത്തന്നെ ഒരു റെക്കോർഡായി മാറി. നേട്ടങ്ങൾക്ക് രാജ്യത്തുടനീളം നിരവധി ബഹുമതികളും പുരസ്കാരങ്ങളും അവർക്ക് ലഭിച്ചിട്ടുണ്ട്.



പ്രധാനമന്ത്രി മോദി 51-ാം പ്രഗതി യോഗത്തിൽ അധ്യക്ഷനായി

# കൃത്യമായ നിരീക്ഷണത്തിനും ജനപങ്കാളിത്തത്തിനും ഊന്നൽ

*ഇന്ത്യയിലെ ഡിജിറ്റൽ ഭരണനിർവഹണത്തിനായുള്ള സുപ്രധാനവും ഫലപ്രദവുമായ വേദിയായി പ്രഗതി (Pro-Active Governance and Timely Implementation) ഉയർന്നുവന്നിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പതിവ് അധ്യക്ഷതയിൽ, 2015 മാർച്ച് മുതൽ നിരവധി വൻകിട പദ്ധതികൾ വേഗത്തിലാക്കുന്നതിൽ ഈ വേദി നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഈ സംരംഭത്തിന്റെ തുടർച്ചയായി, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ശ്രമങ്ങളെ ഏകോപിപ്പിച്ച്, മികച്ചതും സമയബന്ധിതവുമായ ഭരണനിർവഹണം ഉറപ്പാക്കുന്നതിനായി മെയ് 27-ന് നടന്ന 51-ാം പ്രഗതി യോഗത്തിൽ പ്രധാനമന്ത്രി മോദി അധ്യക്ഷനായി...*


ICT അധിഷ്ഠിത ബഹുതല വേദിയായ പ്രഗതിയുടെ 51-ാം യോഗത്തിൽ അധ്യക്ഷതവഹിച്ച, പ്രധാനമന്ത്രി നരേന്ദ്ര മോദി റെയിൽവേ, ഊർജം, റോഡ് മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന, ഏകദേശം 30,000 കോടി രൂപയുടെ മൊത്തം ചെലവ് വരുന്ന ഏഴ് അടിസ്ഥാനസൗകര്യ പദ്ധതികൾ അവലോകനംചെയ്തു. പൊതു പദ്ധതികൾ നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം ചെലവ് വർധിക്കുന്നതിന് മാത്രമല്ല, സാധാരണക്കാർക്ക് സൗകര്യങ്ങൾ എത്താൻ വൈകുന്നതിനും കാരണമാകുമെന്ന് യോഗത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. ഓരോ കാലതാമസവും ജനങ്ങളുടെ ജീവിതത്തെയും പ്രാദേശിക വികസനത്തെയും പൊതുവിഭവങ്ങളെയും നേരിട്ട് ബാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഈ പശ്ചാത്തലത്തിൽ, നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുമായി സജീവമായ സമീപനം സ്വീകരിക്കാൻ അദ്ദേഹം മന്ത്രാലയങ്ങളോടും വകുപ്പുകളോടും സംസ്ഥാനങ്ങളോടും ആവശ്യപ്പെട്ടു.

കെൻ-ബേത്വ നദീസംയോജന പദ്ധതി മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകണമെന്നും, അങ്ങോട്ടുമിങ്ങോട്ടും പരസ്പര സമ്മതത്തിലൂടെ ജല സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അവരെ പ്രാപ്തരാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റുകളും 'ഗോബർധൻ' പ്ലാന്റുകളും ഉൾപ്പെടെ, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ അദ്ദേഹം സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. അതേസമയം, പ്രധാനമന്ത്രിയുടെ നിർദേശം പരിഗണിച്ച്, ശുചിത്വ ഭാരത യജ്ഞം അവലോകനം ചെയ്ത്, സാമൂഹ്യ മേഖലയിലെ പദ്ധതികളുടെ പ്രതിമാസ അവലോകനത്തിനുള്ള സംവിധാനം സംസ്ഥാന തലത്തിൽ ആരംഭിച്ചു.

## പ്രധാനമന്ത്രി മോദി സുപ്രധാന പദ്ധതികൾ അവലോകനം ചെയ്തു

- റെയിൽവേ, ഊർജം, റോഡ് മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന ഏഴ് അടിസ്ഥാന സൗകര്യ പദ്ധതികൾ.
- ശുചിത്വ ഭാരത യജ്ഞം-നഗരം 2.0-ഉം, കെൻ-ബേത്വ സംയോജന പദ്ധതിയും.
- നഗരപ്രദേശങ്ങളിൽ പുരപ്പുറ സൗരോർജ പരിരക്ഷ ദൗത്യം എന്ന നിലയിൽ വ്യാപിപ്പിക്കാനുള്ള ആഹ്വാനം.

**₹30,000** കോടി വിലമതിക്കുന്ന പദ്ധതികൾ (ഒൻപത് സംസ്ഥാനങ്ങളിലായി വ്യാപിച്ചിട്ടുള്ളത്) അവലോകനം ചെയ്തു.



അന്താരാഷ്ട്ര യോഗ ദിനത്തിന്റെ 12 വർഷങ്ങൾ

# യോഗ ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക ആഘോഷമായി മാറുന്നു

*"धैर्यं यस्य पिता क्षमा च जननी शान्तिश्चिरं गेहिनी*
*सत्यं सूनुरयं दया च भगिनी भ्राता मनः संयमः।*
*शय्या भूमितलं दिशोऽपि वसनं ज्ञानामृतं भोजनं*
*एते यस्य कुटिम्बिनः वद सखे कस्माद् भयं योगिनः।।:"*

*ചിത്തത്തിലെ അഥവാ മനസ്സിലെ ചിന്താതരംഗങ്ങളെ നിയന്ത്രിക്കുന്നതാണ് യോഗ. ആയുർവേദം, യോഗ, മറ്റ് പരമ്പരാഗത ചികിത്സാ രീതികൾ എന്നിവയെ രാജ്യത്തെ ആരോഗ്യ സേവനങ്ങളുമായി സംയോജിപ്പിക്കുന്നതിനായി 2014-ൽ പ്രത്യേക ആയുഷ് മന്ത്രാലയം സ്ഥാപിച്ചതും, 2015 ജൂൺ 21 മുതൽ ആഗോളതലത്തിൽ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു തുടങ്ങിയതും ഒരു വഴിത്തിരിവായിരുന്നു. എല്ലാ അർത്ഥത്തിലും നമ്മെ ആരോഗ്യവാന്മാരായും സന്തുലിതമായും നിലനിർത്തുന്ന നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയാണ് യോഗ. ഇന്ന്, യോഗയുടെ കരുത്താൽ ഭാരതം തങ്ങളുടെ 'സോഫ്റ്റ് പവറിന്റെ' ശക്തമായ സ്വാധീനം ലോകമെമ്പാടും പ്രകടമാക്കിക്കൊണ്ടിരിക്കുന്നു...*

*പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനമാണ് ഈ വർഷം ജൂൺ 21, ഇത് തികച്ചും സവിശേഷമായ ഒരു അവസരത്തോടൊപ്പമാണ് വരുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് 12 വർഷം പൂർത്തിയാക്കുന്ന വർഷം കൂടിയായതിനാൽ, ഈ ജൂൺ മാസം ആഘോഷങ്ങളുടെ മാസമായി മാറിയിരിക്കുന്നു....*

സാധാരണ ജനങ്ങളോ പ്രമുഖരോ, ചെറുപ്പക്കാരോ പ്രായമായവരോ, സ്ത്രീകളോ കുട്ടികളോ, വിശ്വാസികളോ അവിശ്വാസികളോ ആകട്ടെ-ഇന്ന്, എല്ലാ പ്രായത്തിലുമുള്ള ജനങ്ങളുടെയും ശാരീരികവും ഊർജ്ജസ്വലവും മാനസികവും വൈകാരികവുമായ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകമായി 'യോഗ' മാറിയിരിക്കുന്നു. മതം, വിഭാഗം, ജാതി, ധനികൻ, ദരിദ്രൻ എന്നിവയുടെ അതിർവരമ്പുകളെയും രാജ്യങ്ങളെ ഭിന്നിപ്പിക്കുന്ന ദേശീയ അതിർത്തികളെയും പോലും മറികടന്ന്, ഇത് ലോകമെമ്പാടുമുള്ള ഒരു സാർവത്രിക ഭാഷയായി ഉയർന്നുവന്നിരിക്കുന്നു. യോഗയുടെ ഈ അതുല്യമായ സവിശേഷതയെയാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് മഹാനായ സംസ്കൃത കവി ഭർതൃഹരി തന്റെ 'ശതകത്രയത്തിൽ' പ്രകീർത്തിച്ചത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഉരുവിട്ടിരുന്ന ഈ ശ്ലോകത്തിന്റെ അർത്ഥം, പതിവായി യോഗ പരിശീലിക്കുന്നതിലൂടെ, ചില സദ്ഗുണങ്ങൾ നമ്മുടെ സ്വന്തം ബന്ധുക്കളെപ്പോലെയായി മാറുന്നു എന്നതാണ്. യോഗാഭ്യാസം ധൈര്യം വളർത്തുന്നു, അത്  പിതാവിനെപ്പോലെ നമ്മെ എപ്പോഴും സംരക്ഷിക്കുന്നു;  അമ്മയ്ക്ക് തന്റെ കുട്ടികളോടുള്ള സ്നേഹം പോലെ ക്ഷമാശീലം വളർത്തുന്നു-ആത്മനിയന്ത്രണം നമ്മുടെ വിശ്വസ്ത കൂട്ടുകാരനായി മാറുന്നു. പതിവായ യോഗ പരിശീലനത്തിലൂടെ സത്യം നമ്മുടെ സന്തതിയായും, കരുണ നമ്മുടെ സഹോദരിയായും, ആത്മസംയമനം നമ്മുടെ സഹോദരനായും, ഭൂമി തന്നെ നമ്മുടെ കിടക്കയായും, ജ്ഞാനം നമ്മുടെ വിശപ്പടക്കുന്ന ആഹാരമായും മാറുന്നു എന്ന് ഭർതൃഹരി നിരീക്ഷിച്ചിട്ടുണ്ട്. ഇത്രയധികം സദ്ഗുണങ്ങൾ കൂടെയുണ്ടാകുമ്പോൾ യോഗി എല്ലാത്തരം ഭയങ്ങളെയും ജയിക്കുന്നു.

തീർച്ചയായും ആരോഗ്യ ഇൻഷുറൻസ് ഒരിക്കലും സൗജന്യമായി ലഭിക്കാറില്ല. എന്നാൽ ഒട്ടും ചിലവില്ലാതെ മികച്ച ആരോഗ്യം ഉറപ്പ് നൽകുന്ന ഏക മാർഗ്ഗം യോഗ മാത്രമാണ്. അതുകൊണ്ടുതന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദി പറയുന്നു:"ഈ നൂറ്റാണ്ടിൽ, യോഗ എങ്ങനെയാണ് ലോകത്തെ ഒരുമിപ്പിച്ചത് എന്നതിന് നമ്മൾ സാക്ഷ്യം വഹിക്കുകയാണ്"



"ശരീരം, മനസ്സ്, ബുദ്ധി, ആത്മാവ് എന്നിവയെ യോഗ എങ്ങനെ സമന്വയിപ്പിക്കുന്നുവോ, അതുപോലെതന്നെ അത് ഇന്ന് ലോകത്തെ ഒന്നിപ്പിക്കുകയും ചെയ്യുന്നു. സമ്മർദ്ദരഹിതവും രോഗരഹിതവും ആനന്ദദായകവുമായ ജീവിതം നയിക്കാൻ എല്ലാവരും ആഗ്രഹിക്കുന്നു; ഈ ആഗ്രഹങ്ങളെല്ലാം സാക്ഷാത്കരിക്കാൻ കഴിയുന്ന ഒരു മാർഗ്ഗമുണ്ടെങ്കിൽ, അത് യോഗയാണ്. യഥാർത്ഥത്തിൽ സമഗ്രവും സന്തുലിതവുമായ ജീവിതം എങ്ങനെ നയിക്കാമെന്ന് കണ്ടെത്താനും-ശരീരം, മനസ്സ്, ചിന്ത, പെരുമാറ്റം എന്നിവയുടെ ആരോഗ്യത്തിലേക്കുള്ള ആ ആന്തരിക യാത്ര അനുഭവിക്കാനും ഒരാൾ ആഗ്രഹിക്കുന്നുവെങ്കിൽ, യോഗയിലൂടെയാണ് അത് സാധ്യമാകുന്നത്"

യോഗ എന്നത് വെറുമൊരു ശാരീരിക വ്യായാമ മുറ മാത്രമല്ല; മറിച്ച്, അത് തന്നോടും ലോകത്തോടും പ്രകൃതിയോടും തന്നെയുള്ള ഏകത്വബോധം കണ്ടെത്താനുള്ള അന്വേഷണത്തെയാണ് ഉൾക്കൊള്ളുന്നത്. പ്രധാനമന്ത്രിയായി ചുമതലയേറ്റ് വെറും നാല് മാസത്തിനുള്ളിൽ, 2014 സെപ്റ്റംബർ 27-ന്, യോഗയെ ആഗോള വേദികളിലേക്ക് ഉയർത്താൻ പ്രധാനമന്ത്രി മോദി മുൻകൈ എടുത്തു; ഈ നീക്കത്തെ തുടർന്ന് 2014 ഡിസംബറിൽ ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിക്കുകയും, ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിക്കുന്നതിലേക്ക് നയിക്കുകയും ചെയ്തു.

**യോഗ ഒരു ആഗോള ആഘോഷമായി മാറുന്നു**

योगः कर्मसु कौशलम्।।-അർത്ഥം: കർമ്മങ്ങളിലെ നൈപുണ്യമാണ് യോഗ. യോഗയിലൂടെ ഒരാൾക്ക് ജീവിതത്തിൽ കൂടുതൽ ശേഷി കൈവരുന്നു എന്നാണ് ഈ മന്ത്രം നമ്മെ പഠിപ്പിക്കുന്നത്. നാം നമ്മുടെ ചുമതലകൾ ചിട്ടയോടെ നിർവ്വഹിക്കുകയും ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും ചെയ്താൽ, അതും ഒരുതരം യോഗയാണ്. ഈ മന്ത്രം ഉൾക്കൊള്ളുന്നതിലൂടെ, ഭാരതം യോഗയ്ക്ക് അന്താരാഷ്ട്ര അംഗീകാരം ഉറപ്പാക്കിക്കൊണ്ട് അതിനെ 'സോഫ്റ്റ് പവർ' ആയി പ്രതിഷ്ഠിച്ചു; മാത്രമല്ല, യോഗയെ കർമ്മയോഗവുമായി ബന്ധിപ്പിക്കുന്നതിലൂടെ, വ്യക്തിയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും വികസന സാധ്യതകളെ അത് പലമടങ്ങ് വർദ്ധിപ്പിച്ചു.

ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള കൂട്ടായ്മയായ ജി-20 അധ്യക്ഷപദവി വഹിച്ചപ്പോൾ, അതിലെ ഓരോ പരിപാടിയുടെയും സവിശേഷവും അവിഭാജ്യവുമായ ഭാഗമായി യോഗയെ മാറ്റിക്കൊണ്ട് ഭാരതം ഇന്ത്യൻ സംസ്കാരത്തിന്റെ സ്വത്വം ശക്തമാക്കി. 2014-ൽ പ്രത്യേക ആയുഷ് മന്ത്രാലയം സ്ഥാപിച്ചുകൊണ്ട്, യോഗയെ ആയുർവേദത്തോടും മറ്റ് പരമ്പരാഗത ചികിത്സാ രീതികളോടും ഒപ്പം രാജ്യത്തെ ആരോഗ്യ സേവനങ്ങളിലേക്ക് സംയോജിപ്പിക്കുന്നതിന് ഇന്ത്യ തുടക്കം കുറിച്ചു. ഭാരതത്തിന്റെ ഈ ശ്രമങ്ങളുടെ ഫലമായാണ് 2015 ജൂൺ 21 മുതൽ ലോകം അന്താരാഷ്ട്ര യോഗ ദിനം ആചരിക്കാൻ തുടങ്ങിയത്. ഈ പരിശ്രമങ്ങളുടെ ഫലമായി ഭാരതത്തിന്റെ ഏറ്റവും പുരാതനവും സമ്പന്നവുമായ പാരമ്പര്യമായ യോഗ, രോഗപ്രതിരോധത്തിനുള്ള ശക്തമായ മാർഗ്ഗമായി ഉയർന്നുവരികയും അതിൽ അന്തർലീനമായ കരുത്ത് ലോകം തിരിച്ചറിയുകയും ചെയ്തു. ആഗോള സഹകരണത്തിനായുള്ള ഒരു പൊതു അടിത്തറയായി യോഗ വികസിച്ചുകൊണ്ടിരിക്കുകയാണിന്ന്. യോഗ മാനവരാശിക്കു മുഴുവനും രോഗരഹിതമായ ജീവിതം ഇന്ന് വാഗ്ദാനം ചെയ്യുന്നു.ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ വീടുകളിലും ആത്മീയ കേന്ദ്രങ്ങളിലും മാത്രമായി ഒതുങ്ങിനിന്നിരുന്ന യോഗ, ഇന്ന് ലോകമെമ്പാടും ജനപ്രിയമായി മാറിയിരിക്കുന്നു.

> **കർമ്മയോഗയുടെ ചൈതന്യത്താൽ നയിക്കപ്പെടുന്ന യോഗയുടെ പാത നാം സ്വീകരിക്കുമ്പോൾ വ്യക്തിയെന്ന നിലയിലോ, സമൂഹമെന്ന നിലയിലോ, അല്ലെങ്കിൽ രാജ്യമെന്ന നിലയിലോ ഉള്ള നമ്മുടെ കരുത്ത് പലമടങ്ങ് വർദ്ധിക്കുന്നു. ഇന്ന്, നമ്മൾ ഇതേ മനോഭാവത്തോടെ പ്രതിജ്ഞ ചെയ്യണം: നമ്മുടെ സ്വന്തം ആരോഗ്യവും നമ്മുടെ പ്രിയപ്പെട്ടവരുടെ ആരോഗ്യവും സംരക്ഷിക്കുന്നതിനായി സാധ്യമായ എല്ലാ ശ്രമങ്ങളും നമ്മൾ നടത്തുമെന്ന്. ജാഗ്രതയുള്ള പൗരന്മാരെന്ന നിലയിൽ, കുടുംബങ്ങളായും സമൂഹമായും ഒത്തൊരുമിച്ച് നമ്മൾ മുന്നോട്ട് കുതിക്കും.**
>
> *പ്രധാനമന്ത്രി നരേന്ദ്രമോദി*

യോഗ ഇപ്പോൾ ആഗോള ആഘോഷമായി രൂപാന്തരപ്പെട്ടിരിക്കുന്നു, കാരണം അത് കേവലം ഒരു വ്യക്തിക്ക് വേണ്ടിയുള്ളതല്ല, മറിച്ച് മാനവരാശിയുടെ മുഴുവൻ ക്ഷേമത്തിന് വേണ്ടിയുള്ളതാണ്.




## യോഗയിലെ ഗവേഷണങ്ങൾ

**100** | ഇന്ത്യയിലുടനീളമുള്ള 100 ജില്ലകളെ ഉൾപ്പെടുത്തി നടത്തിയ ബഹുകേന്ദ്രീകൃത ദേശീയ ഗവേഷണ പഠനത്തിൽ, പ്രമേഹം നിയന്ത്രിക്കുന്നതിന് യോഗ ഫലപ്രദമാണെന്ന് കണ്ടെത്തി.

- ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണത്തിൽ ഏകദേശം 6 മടങ്ങ് വർദ്ധനയും ക്ലിനിക്കൽ പരീക്ഷണങ്ങളിൽ 11 ശതമാനം വർദ്ധനയും ഉണ്ടായി. ന്യൂഡൽഹി എയിംസിലെ സെന്റർ ഫോർ ഇന്റഗ്രേറ്റീവ് മെഡിസിനിൽ നിന്നുള്ള ഇരുപതിലധികം ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചു.
- യോഗ പരിശീലിച്ച രോഗികളിൽ, ക്യാൻസർ വീണ്ടും വരാനുള്ള സാധ്യത 15 ശതമാനത്തോളം കുറഞ്ഞു.
- മൈഗ്രേൻ നിയന്ത്രിക്കുന്നതിൽ യോഗയ്ക്കുള്ള ഗുണങ്ങളെക്കുറിച്ച് 'ന്യൂറോളജി' എന്ന ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധം എടുത്തുപറയുന്നു. യോഗയിലൂടെ പ്രീ-ഡയബറ്റിസ് അവസ്ഥയിലേക്ക് എത്താൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്; ഈ കണ്ടെത്തലിനെ അമേരിക്കൻ ഡയബറ്റിസ് അസോസിയേഷൻ അഭിനന്ദിച്ചു.
- ആയുഷ് റിസർച്ച് പോർട്ടലിൽ മാത്രം യോഗയുമായും പ്രകൃതി ചികിത്സയുമായും ബന്ധപ്പെട്ട ഏകദേശം 1,426 ഗവേഷണ പഠനങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്.

## അന്താരാഷ്ട്ര യോഗ ദിനത്തിൽ വർദ്ധിച്ചുവരുന്ന പങ്കാളിത്തം

- 016-ലെ അന്താരാഷ്ട്ര യോഗ ദിനത്തിൽ സിവൈപി (CYP) അടിസ്ഥാനമാക്കിയുള്ള സൗഹൃദ യോഗാ പ്രദർശനങ്ങളിൽ പങ്കെടുത്തവരുടെ എണ്ണം ഏകദേശം 8.5 ദശലക്ഷം ആയി കണക്കാക്കപ്പെട്ടിരുന്നു, ഈ സംഖ്യ 2019 അന്താരാഷ്ട്ര യോഗ ദിനം ആയപ്പോഴേക്കും ഏകദേശം 90 ദശലക്ഷമായി ഉയർന്നു.
- അന്താരാഷ്ട്ര യോഗ ദിനം 2022-ൽ ഇത് ഏകദേശം 221.3 ദശലക്ഷത്തിൽ എത്തി, അതേസമയം IDY 2023-ൽ പങ്കാളിത്തം ഏകദേശം 234.4 ദശലക്ഷമായി ഉയർന്നു.
- അന്താരാഷ്ട്ര യോഗ ദിനം 2024-ൽ പങ്കാളിത്തം 245.3 ദശലക്ഷത്തിലെത്തുകയും 2025-ൽ ഇത് 260 ദശലക്ഷം കടക്കുകയും ചെയ്തു.
- 2026-ൽ, ജൂൺ 21-ന് നടക്കുന്ന സിവൈപി അടിസ്ഥാനമാക്കിയുള്ള സൗഹൃദ യോഗാ പ്രദർശനങ്ങളിലെ പങ്കാളിത്തം 270 ദശലക്ഷം (27 കോടി) കവിയുമെന്നാണ് പ്രതീക്ഷ.

ലോകം ഈ വർഷം അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുമ്പോൾ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 12 വർഷത്തെ യാത്രയുടെ പൂർത്തീകരണം കുറിക്കുകയാണ്. ഭാരതീയ സംസ്കാരത്തിൽ 12 വർഷത്തെ കാലയളവിന് പ്രത്യേക പ്രാധാന്യമുണ്ട്; ഒരു തപസ്വിയെ സംബന്ധിച്ചിടത്തോളം ഇത് ഒരു യുഗത്തിന് തുല്യമായി കണക്കാക്കപ്പെടുന്നു. അതോടൊപ്പം, വികസിത രാഷ്ട്രമായി മാറാനുള്ള അഭിലാഷപൂർണ്ണമായ ലക്ഷ്യത്തിലേക്ക് ഭാരതം സ്ഥായിയായി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

**യോഗയുടെ ആഗോള വിപണി വികസിക്കുന്നു**

യോഗയുടെ അനന്തമായ സാധ്യതകൾ സാക്ഷാത്കരിക്കാൻ കഴിയുന്ന കാലഘട്ടത്തിനാണ് ഇന്ന് നമ്മൾ സാക്ഷ്യം വഹിക്കുന്നത്. നൂതന ആശയങ്ങളുമായി യുവജനങ്ങൾ വൻതോതിൽ യോഗാ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. ഈ ദിശയിൽ, ആയുഷ് മന്ത്രാലയം 'സ്റ്റാർട്ടപ്പ് യോഗ ചലഞ്ച്' ആരംഭിച്ചിട്ടുണ്ട്. എല്ലാവർക്കും വൈവിധ്യമാർന്ന അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു എന്നതാണ് ആയുഷ് വ്യവസായത്തിന്റെ ഏറ്റവും വലിയ കരുത്ത്. ഉദാഹരണത്തിന്, ഇന്ന് ഇന്ത്യയിൽ ആയുഷ് മേഖലയിലുള്ള ഏകദേശം 40,000 MSME-കൾ-അഥവാ ചെറുകിട വ്യവസായങ്ങൾ-വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നൽകുകയും നിരവധി ഉദ്യമങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഈ ശ്രമങ്ങൾ പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയൊരു ഉത്തേജനമാണ് പകരുന്നത്. വെറും 12 വർഷം മുമ്പ്, രാജ്യത്തെ ആയുഷ് വ്യവസായത്തിന്റെ മൂല്യം ഏകദേശം 20,000 കോടി രൂപയായിരുന്നു; എന്നാൽ ഇന്ന്, അത് 1.5 ലക്ഷം കോടിയോളം രൂപയുടെ മൂല്യത്തിലേക്ക് അടുക്കുകയാണ്. വരും കാലങ്ങളിൽ, ഈ മേഖല ആഗോള വിപണിയിൽ ഇതിലും വലിയ വികാസത്തിന് തയ്യാറെടുക്കുകയാണ്.

നിലവിൽ, പച്ചില മരുന്നുകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും ആഗോള വിപണി 120 ബില്യൺ ഡോളറാണ്-അതായത് ഏകദേശം 10 ലക്ഷം കോടി രൂപ. പരമ്പരാഗത വൈദ്യശാസ്ത്രത്തിന്റെ ഈ മേഖല നിരന്തരമായ വികാസത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്, മാത്രമല്ല ഇത് നൽകുന്ന എല്ലാ അവസരങ്ങളും പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ഇന്ത്യ സജ്ജവുമാണ്. ഈ വളർച്ച യുവാക്കൾക്ക് ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കും. ഗുജറാത്തിലെ ജാംനഗറിൽ, ലോകാരോഗ്യ സംഘടന ഇന്ത്യയുമായി സഹകരിച്ച് പരമ്പരാഗത വൈദ്യശാസ്ത്രത്തിനായുള്ള ആഗോള കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഗ്ലോബൽ സെന്റർ ഫോർ ട്രെഡീഷണൽ മെഡിസിൻ (GCTM) പോലുള്ള സംരംഭങ്ങളിലൂടെ, പരമ്പരാഗത വൈദ്യശാസ്ത്ര മേഖലയിൽ ഇന്ത്യ ആഗോള നേതൃസ്ഥാനത്തേയ്ക്ക് സ്വയം മാറുകയാണ്. പരമ്പരാഗത വൈദ്യശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അതിൽ ഗവേഷണം നടത്തുന്നതിനും വേണ്ടിയുള്ള സുപ്രധാനമായ ചുവടുവെപ്പാണ് ഈ കേന്ദ്രം. ആഗോളതലത്തിൽ തെളിവ് അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത, അനുപൂരക, സംയോജിത വൈദ്യശാസ്ത്രത്തിന്റെ (TCIM) ഒരു സുപ്രധാന വിജ്ഞാന കേന്ദ്രമായി ഇത് വർത്തിക്കുന്നു. കൂടാതെ, എയിംസിന്റെ മാതൃകയിൽ മൂന്ന് അധിക ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടുകൾ കൂടി സ്ഥാപിക്കുമെന്ന് കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

**നമ്മുടെ യോഗയുടെ മഹത്വം ലോകം തിരിച്ചറിയുന്നു**

ആയുർവേദത്തിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതിയുടെ മറ്റൊരു പ്രധാന വശം യോഗ ടൂറിസമാണ്. യോഗ എന്നത് വെറുമൊരു ശാരീരിക വ്യായാമ മുറ മാത്രമല്ല; മറിച്ച്, അത് തന്നോടും ലോകത്തോടും പ്രകൃതിയോടും തന്നെയുള്ള ഏകത്വബോധം കണ്ടെത്താനുള്ള അന്വേഷണത്തെയാണ് ഉൾക്കൊള്ളുന്നത്.



## യോഗ പരിശീലനവും വിദ്യാഭ്യാസവും

- യോഗയുടെ പ്രചാരണത്തിലും വ്യാപനത്തിലും പരിശീലനത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. ഇത് മനസ്സിൽ കണ്ടുകൊണ്ട്, മൊറാർജി ദേശായ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലൂടെ ആയുഷ് മന്ത്രാലയം വിവിധ തലങ്ങളിൽ പരിശീലനം നൽകി വരുന്നു.
- നിലവിൽ രാജ്യത്തുടനീളമുള്ള ഏകദേശം 183 സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയിൽ യോഗ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർവ്വകലാശാലകൾ യോഗ പ്രോഗ്രാമുകൾ നടത്തിവരുന്നു.
- യോഗ പരിശീലനത്തിനും സർട്ടിഫിക്കേഷനുമായി പ്രത്യേകമായി 'യോഗ സർട്ടിഫിക്കേഷൻ ബോർഡ്' (YCB) സ്ഥാപിതമായി.
- യോഗ സർട്ടിഫിക്കേഷൻ ബോർഡിന്റെ കണക്കുകൾ പ്രകാരം, ഇതുവരെ 9,600-ലധികം വിലയിരുത്തലുകളും, 480-ലധികം പരീക്ഷകളും, 14-ലധികം പ്രാദേശിക ഭാഷകളിലുള്ള പരീക്ഷകളും നടത്തിയിട്ടുണ്ട്. കൂടാതെ, 56-ലധികം രാജ്യങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.
- ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, നിലവിൽ ലോകമെമ്പാടും ഏകദേശം 30 ദശലക്ഷം ആളുകൾ യോഗ പരിശീലിക്കുന്നുണ്ട്. ഈ ദശകത്തിന്റെ അവസാനത്തോടെ ഈ സംഖ്യ 35 ദശലക്ഷത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- നിലവിൽ, യോഗാ വിദഗ്ധർക്ക് സർട്ടിഫിക്കറ്റ് നൽകുക, യോഗാ സംഘടനകളുടെ വിശ്വാസ്യത പരിശോധിക്കുക, യോഗാ വിദഗ്ധർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന ബോർഡുകൾക്ക് അംഗീകാരം നൽകുക, പ്ലേസ്മെന്റ് മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗാ സംഘടനകൾക്ക് ഗ്രേഡിംഗ് നൽകുക എന്നിവയെല്ലാം യോഗ സർട്ടിഫിക്കേഷൻ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.
- വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ യോഗയ്ക്കായി പ്രത്യേക വകുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലോകമെമ്പാടുമുള്ള യോഗ സ്കൂളുകളുടെയും സ്റ്റുഡിയോകളുടെയും എണ്ണത്തിൽ വൻ വർദ്ധനയുണ്ടായിട്ടുണ്ട്. അമേരിക്കൻ കോളേജ് ഓഫ് സ്പോർട്സ് മെഡിസിന്റെ ആദ്യ 10 സ്ഥാനങ്ങളുടെ പട്ടികയിൽ യോഗ ഏഴാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവണ്മെന്റ് ഇപ്പോൾ യോഗയെ ഒരു മത്സര കായിക ഇനമായി അംഗീകരിച്ചിരിക്കുന്നു.







193 അംഗങ്ങളുള്ള ഐക്യരാഷ്ട്ര പൊതു സഭയിൽ 177 രാഷ്ട്രങ്ങളുടെ സഹ-സ്പോൺസർഷിപ്പ് നേടിക്കൊണ്ട്, റെക്കോർഡ് ഭൂരിപക്ഷത്തോടെ ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോൾ ഈ മനോഭാവം അടിവരയിട്ടുറപ്പിക്കപ്പെട്ടു. ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിച്ച പ്രമേയത്തിൽ ഇപ്രകാരം പറയുന്നു:“ആരോഗ്യത്തിനും ക്ഷേമത്തിനുമുള്ള സമഗ്രമായ സമീപനമാണ് യോഗ. കൂടാതെ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇത് ഐക്യം സ്ഥാപിക്കുന്നു; അതിനാൽ, ആരോഗ്യത്തിനായി യോഗ പരിശീലിക്കുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ആഗോള വ്യാപകമായി പ്രചരിപ്പിക്കുന്നത് അത്യന്തം പ്രയോജനകരമായിരിക്കും.”

**അന്താരാഷ്ട്ര യോഗ ദിനം - 2026**

അന്താരാഷ്ട്ര യോഗ ദിനം – 2026 ന്റെ പ്രധാന ചടങ്ങ് ജൂൺ 21-ന് പശ്ചിമ ബംഗാളിന്റെ തലസ്ഥാനമായ കൊൽക്കത്തയിൽ നടക്കും. ‘‘ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ’’ എന്നതാണ് ഈ വർഷത്തെ ആഘോഷത്തിന്റെ പ്രമേയം; ഇത് ശാരീരിക ആരോഗ്യം, മാനസിക ക്ഷേമം, ആരോഗ്യകരമായ വാർദ്ധക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ യോഗയ്ക്കുള്ള പങ്കിനെ ഉയർത്തിക്കാട്ടുന്നു.



ഇതോടെ, സമഗ്ര ആരോഗ്യ വിപ്ലവത്തിന്റെ പുതിയ യുഗത്തിന് ഇന്ത്യയിൽ തുടക്കമായി- ചികിത്സയേക്കാൾ പ്രതിരോധത്തിന് മുൻഗണന നൽകുക എന്ന തത്വത്തിലധിഷ്ഠിതമായ ഒന്ന്. ഐക്യരാഷ്ട്രസഭയിൽ യോഗ സംബന്ധിച്ച പ്രമേയം ഇന്ത്യ അവതരിപ്പിച്ചപ്പോൾ, ലോകരാഷ്ട്രങ്ങളിൽ ഭൂരിപക്ഷവും സഹ-സ്പോൺസർ ചെയ്ത ആദ്യ പ്രമേയമായി അത് മാറിയെന്ന് യുഎൻ രേഖകൾ വ്യക്തമാക്കുന്നു. കൂടാതെ, ഐക്യരാഷ്ട്രസഭയുടെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പാസാക്കപ്പെട്ട പ്രമേയമായും ഇത് മാറി.

**യോഗയെ മുഖ്യധാരയിലേക്ക് സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ**

സ്വാതന്ത്ര്യാനന്തരം രാജ്യത്ത് പൊതുജനാരോഗ്യ പരിപാടികളിൽ യോഗയെ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നിരുന്നു; എന്നിരുന്നാലും, ഈ ഉദ്യമങ്ങൾ വളരെ സാവധാനത്തിലാണ് മുന്നോട്ട് പോയത്, അതിനാൽ അക്കാലത്ത് യോഗയ്ക്ക് അർഹമായ അംഗീകാരം നേടാൻ കഴിഞ്ഞില്ല. 1976-ൽ യോഗയ്ക്കായുള്ള ആദ്യത്തെ സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇന്നത്തെ മൊറാർജി ദേശായ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ) സ്ഥാപിതമായി. 1978-ൽ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആൻഡ് നേച്ചറോപ്പതി രൂപീകരിച്ചു. 2003-ൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ആൻഡ് ഹോമിയോപ്പതി എന്നത് ആയുഷ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. എന്നാൽ, ഈ മേഖലയ്ക്ക് വലിയൊരു ഉണർവ് ലഭിച്ചത് 2014 നവംബർ 9-ന് പ്രത്യേക ആയുഷ് മന്ത്രാലയം സ്ഥാപിതമായതോടെയാണ്. കൂടാതെ, പ്രധാനമന്ത്രി മോദിയുടെ ഐക്യരാഷ്ട്രസഭയിലെ പ്രസംഗത്തെത്തുടർന്ന്-യോഗയ്ക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചതോടെ-ഇത് ലോകമെമ്പാടുമുള്ള ഒരു ജനകീയ പ്രസ്ഥാനമായി മാറി. മാത്രമല്ല, 2016 ഫെബ്രുവരിയിൽ ഗവണ്മെന്റ് ഒരു പ്രത്യേക ബോർഡിന് രൂപം നൽകി: നാഷണൽ ബോർഡ് ഫോർ യോഗ ആൻഡ് നേച്ചറോപ്പതി. ഈ ചട്ടക്കൂടിന് കീഴിൽ, രാജ്യത്തെ യോഗ പരിശീലനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി എയിംസ്, ഐഐടി തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക അന്താരാഷ്ട്ര യോഗാ ദിനാഘോഷങ്ങൾ സംഘടിപ്പിക്കുന്നതിൽ ഇന്ത്യ നിർണ്ണായക പങ്ക് വഹിക്കുന്നു. നോഡൽ മന്ത്രാലയം എന്ന നിലയിൽ, ആയുഷ് മന്ത്രാലയം ഈ അവസരത്തിനായി ഒരു 'കോമൺ യോഗ പ്രോട്ടോക്കോൾ' പുറപ്പെടുവിക്കുന്നു. ആശാ പ്രവർത്തകർക്ക് പരിശീലനം നൽകി അവരെ ഈ രംഗത്തെ വാഹകരായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമീണ മേഖലകളിൽ യോഗ പ്രചരിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

> **ഇന്നത്തെ തിരക്കേറിയതും വേഗതയേറിയതുമായ ജീവിതത്തിൽ, മനസ്സ്, ശരീരം, ബുദ്ധി, ആത്മാവ് എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് യോഗ ഒരു വ്യക്തിയുടെ ജീവിതത്തിലേക്ക് സമാധാനം കൊണ്ടുവരുന്നു. വ്യക്തിയെ കുടുംബവുമായി ബന്ധിപ്പിക്കുന്നതിലൂടെ, അത് കുടുംബത്തിനുള്ളിൽ സന്തോഷം വളർത്തുന്നു. കുടുംബങ്ങളെ സമൂഹത്തിന്റെ ആവശ്യങ്ങളോട് സംവേദനക്ഷമതയുള്ളവരാക്കുന്നതിലൂടെ, അത് സമൂഹത്തിൽ ഐക്യം വളർത്തിയെടുക്കുന്നു. സമൂഹം ആകട്ടെ, രാജ്യത്തെ ഐക്യത്തിൽ ഒന്നിപ്പിച്ചു നിർത്തുന്ന നൂലായി മാറുന്നു. അത്തരം രാജ്യങ്ങൾ ലോകത്തിലേക്ക് സമാധാനവും സദ്ഭാവവും കൊണ്ടുവരുന്നു. സാഹോദര്യ മനോഭാവത്തിലൂടെ മനുഷ്യത്വം തഴച്ചുവളരുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ, യോഗ വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും രാജ്യത്തെയും ലോകത്തെയും ഒപ്പം മാനവികതയെ മുഴുവനും പരസ്പരം ബന്ധിപ്പിക്കുന്നു.**
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

**യോഗ 365... യോഗ ഒരു വാർഷിക ആഘോഷം മാത്രമാകാതെ ദൈനംദിന ശീലമായി മാറുന്നു**

2015-ൽ ആരംഭിച്ചതു മുതൽ, അന്താരാഷ്ട്ര യോഗ ദിനം ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പ്രസ്ഥാനങ്ങളിൽ ഒന്നായി അതിവേഗം വികസിച്ചു കഴിഞ്ഞു. ഇപ്പോൾ, ഇന്ത്യാ ഗവണ്മെന്റ് ഇതിനെ ഒരു ദിവസത്തെ ആഘോഷം എന്നതിൽ നിന്നും ദൈനംദിന ശീലമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് 'യോഗ 365' പദ്ധതി ആരംഭിച്ചിരിക്കുന്നത്. വർഷം മുഴുവനും യോഗ കൃത്യമായി പരിശീലിക്കുന്നതിൽ വ്യക്തികളെയും സ്ഥാപനങ്ങളെയും സമൂഹങ്ങളെയും പങ്കാളികളാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നിരന്തരമായ ജനകീയ പങ്കാളിത്തത്തിലൂടെയും, സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെയും, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ഉപയോഗത്തിലൂടെയും ആരോഗ്യവും ക്ഷേമവും എല്ലാവർക്കും പ്രാപ്യവും, ഉൾക്കൊള്ളുന്നതും, ശീലങ്ങൾ അടിസ്ഥാനമാക്കിയുള്ളതുമാക്കാൻ യോഗ 365 പരിശ്രമിക്കുന്നു. ഈ പദ്ധതി പ്രകാരം സൗജന്യ ഓൺലൈൻ യോഗ സെഷനുകൾ നൽകാനും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ലളിതമായ യോഗാമുറകളുടെ ദൈനംദിന പരിശീലനമാണ് ഈ സെഷനുകളുടെ പ്രത്യേകത.

**കൂട്ടായ ഭുജംഗാസനത്തിൽ ഏഷ്യൻ റെക്കോർഡ്**

ജൂൺ 21-ലെ അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിന് 50 ദിവസങ്ങൾക്ക് മുൻപ്, കൻഹ ശാന്തി വനത്തിൽ ആറായിരത്തിലധികം പേർ ഒരേസമയം ഭുജംഗാസനം (Cobra Pose) അവതരിപ്പിച്ചു. ഒരേസമയം ഇത്രയധികം ആളുകൾ ഒരു യോഗാസനം അവതരിപ്പിച്ചത് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഔദ്യോഗികമായി രേഖപ്പെടുത്തപ്പെട്ടു. യോഗയിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്ന കൂട്ടായ പങ്കാളിത്തത്തിന്റെയും പങ്കിട്ട ക്ഷേമത്തിന്റെയും മനോഭാവത്തെയാണ് ഈ നേട്ടം പ്രതിഫലിപ്പിക്കുന്നത്.

## അന്താരാഷ്ട്ര യോഗ ദിനം ജനപ്രീതിയാർജ്ജിക്കുന്നു

**2025**



വിശാഖപട്ടണത്ത് പ്രധാനമന്ത്രി മോദിയുടെ സാന്നിധ്യത്തിൽ നടന്ന ഔദ്യോഗിക ചടങ്ങിൽ മൂന്ന് ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തു. അവിടെ രണ്ട് ഗിന്നസ് ലോക റെക്കോർഡുകൾ സ്ഥാപിക്കപ്പെട്ടു: 1. ഒരൊറ്റ സ്ഥലത്ത് നടന്ന ഏറ്റവും വലിയ യോഗ സെഷൻ; 2. ഏറ്റവും വലിയ കൂട്ടായ സൂര്യനമസ്കാരം.

പ്രമേയം: 'ഒരു ഭൂമി, ഒരേ ആരോഗ്യം എന്നിവയ്ക്കായി യോഗ'

**2024**



ശ്രീനഗറിൽ സംഘടിപ്പിക്കപ്പെട്ടു. വ്യക്തിപരവും സാമൂഹികവുമായ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിൽ യോഗയ്ക്കുള്ള ഇരട്ട പങ്കിനെയാണ് ഇതിന്റെ പ്രമേയം ഉയർത്തിക്കാട്ടിയത്.

പ്രമേയം: 'യോഗ സ്വന്തമായും സമൂഹത്തിനും വേണ്ടി'

**2023**



2023-ൽ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് നടന്ന ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി മോദി നേതൃത്വം നൽകി. ചടങ്ങിൽ 135 രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു.

പ്രമേയം: 'യോഗ വസുധൈവ കുടുംബകത്തിന്'

**2022**



കർണാടകയിലെ മൈസൂരുവിൽ മറ്റ് പങ്കാളികൾക്കൊപ്പം പ്രധാനമന്ത്രി മോദി യോഗാഭ്യാസം നടത്തി.

പ്രമേയം: 'യോഗ മാനവരാശിയ്ക്ക്'


**2021**



ആഗോള മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി മോദി വെർച്വലായി രാജ്യത്തെ അഭിസംബോധന ചെയ്തു. ഇതോടൊപ്പം ലോകാരോഗ്യ സംഘടനയുടെ 'എം-യോഗ' (WHO- mYoga) ആപ്പും പുറത്തിറക്കി.

പ്രമേയം: 'ക്ഷേമത്തിനായി യോഗ'

**2020**



കോവിഡ്-19 ആഗോള പ്രതിസന്ധി മൂലം പൊതുജന കൂട്ടായ്മകളൊന്നും തന്നെ സംഘടിപ്പിച്ചില്ല; എങ്കിലും, ചടങ്ങുകൾ വെർച്വലായി നടത്തപ്പെട്ടു.

പ്രമേയം: 'വീട്ടിൽ യോഗ, കുടുംബത്തോടൊപ്പം യോഗ'

**2019**



പ്രധാനമന്ത്രി മോദി റാഞ്ചിയിൽ മറ്റുള്ളവർക്കൊപ്പം യോഗ ദിനം ആഘോഷിച്ചു.

പ്രമേയം: 'യോഗ ഹൃദയാരോഗ്യത്തിന്'

**2018**



പ്രധാനമന്ത്രി നരേന്ദ്ര മോദി ഡെറാഡൂണിൽ 50,000 പേർക്കൊപ്പം യോഗാഭ്യാസം നടത്തി.

പ്രമേയം: 'യോഗ, സമാധാനത്തിന്'

**2017**



ലഖ്നൗവിൽ 51,000 പേരുമായി യോഗ ആഘോഷിക്കപ്പെട്ടു; ഇവിടെ വെച്ച് പ്രധാനമന്ത്രി മോദി ജീവിതശൈലിയിൽ യോഗയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ചർച്ച നടത്തി.

പ്രമേയം: 'യോഗ ആരോഗ്യത്തിന്'

**2016**



ചണ്ഡീഗഢിൽ നടന്ന ഔദ്യോഗിക ചടങ്ങിൽ പ്രധാനമന്ത്രി മോദിയുടെ സാന്നിധ്യത്തിൽ 30,000 ആളുകൾ പങ്കെടുത്തു.

പ്രമേയം: 'സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായി യോഗ'

**2015**



ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്ന ചടങ്ങിൽ 35,985 വ്യക്തികൾ പങ്കെടുത്തു. രണ്ട് ഗിന്നസ് ലോക റെക്കോർഡുകൾ സ്ഥാപിക്കപ്പെട്ടു.

പ്രമേയം: 'സൗഹാർദ്ദത്തിനും സമാധാനത്തിനും യോഗ'

**2026-ലെ അന്താരാഷ്ട്ര യോഗ ദിന പ്രമേയം: 'യോഗ ആരോഗ്യകരമായ വാർദ്ധക്യത്തിന്'**

ഇതാദ്യമായി, ആയുഷ് മന്ത്രാലയവും യുവജനകാര്യ-കായിക മന്ത്രാലയവും സംയുക്തമായി യോഗയെ ഒരു മത്സര കായിക ഇനമായി അംഗീകരിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. 'ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ' പ്രധാന ഘടകമായും യോഗയെ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗയെക്കുറിച്ചുള്ള പഠനം ഇപ്പോൾ കാലഘട്ടത്തിന്റെ ആവശ്യമാണ്; ഇത് മുൻനിർത്തി, ആരോഗ്യ-കായിക വിദ്യാഭ്യാസത്തോടൊപ്പം ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പാഠ്യപദ്ധതിയിൽ എൻ.സി.ഇ.ആർ.ടി യോഗയെ ഉൾപ്പെടുത്തിയിട്ടുണ്ട്.





"ഒടുവിൽ, 'ആയുഷ്മാൻ ഭാരത്' പദ്ധതിക്ക് കീഴിൽ, 12,500 ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളുടെ ശൃംഖലയിലൂടെ രാജ്യത്തുടനീളം യോഗ പരിശീലനം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു."

**സംസ്കാരത്തിന്റെ അനശ്വര പൈതൃകം**

ഇന്ന്-ഡെറാഡൂൺ മുതൽ ഡബ്ലിൻ വരെയും, ഷാങ്ഹായ് മുതൽ ചിക്കാഗോ വരെയും, ജക്കാർത്ത മുതൽ ജോഹന്നാസ്ബർഗ് വരെയും-യോഗ സർവ്വവ്യാപിയാണെന്നത് ഇന്ത്യക്കാർക്ക് അഭിമാനകരമായ കാര്യമാണ്. ആയിരക്കണക്കിന് അടി ഉയരമുള്ള ഹിമാലയത്തിലെ ഉയർന്ന കൊടുമുടികളിലായാലും, മരുഭൂമിയിലെ കഠിനമായ ചൂടിൽ ആയാലും, യോഗ ഏത് സാഹചര്യത്തിലും ഓരോ ജീവിതത്തെയും സമ്പന്നമാക്കുന്നു. പ്രധാനമന്ത്രി മോദി നിരീക്ഷിക്കുന്നു, "വിഘടനവാദ ശക്തികൾ മേധാവിത്വം നേടുമ്പോൾ ഭിന്നത ഉണ്ടാകുന്നു. വ്യക്തികൾക്കിടയിലും സമൂഹങ്ങൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഭിന്നത ഉണ്ടാകുന്നു. സമൂഹത്തിൽ മതിലുകൾ ഉയരുന്നു, കുടുംബങ്ങൾക്കുള്ളിൽ ഭിന്നത വളരുന്നു, ജീവിതത്തിൽ സമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ വ്യക്തികൾ ആന്തരികമായിപോലും തകർന്നുപോകുന്നു. ഈ ഭിന്നതകൾക്കിടയിൽ, യോഗ ഒന്നിപ്പിക്കുന്നു; ആളുകളെ ഒരുമിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യമാണ് അത് നിർവ്വഹിക്കുന്നത്."

യോഗയ്ക്ക് നന്ദി, നിരവധി പുതിയ യോഗ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉയർന്നുവരുന്നുണ്ട്. യോഗാധ്യാപകർക്കായുള്ള ആവശ്യം കുതിച്ചുയർന്നു. ഇന്ന്, യുവാക്കൾ യോഗയെ തൊഴിലായി സ്വീകരിക്കുകയും ഈ സ്ഥാപനങ്ങളിൽ നിന്ന് സ്വയം പരിശീലനം നേടി അതൊരു കരിയർ ആക്കി മാറ്റുകയും ചെയ്യുന്നു. ഇന്ത്യൻ യോഗാധ്യാപകർക്ക് ആഗോളതലത്തിലുള്ള ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യോഗ ആഗോളതലത്തിൽ ഫലപ്രദമായി പുതിയ തൊഴിൽ വിപണി സൃഷ്ടിച്ചിരിക്കുന്നു. ഈ ശ്രമങ്ങളിലെല്ലാം, ഇന്ത്യയിലെ ജനങ്ങൾ ആഗോളതലത്തിൽ ഏറ്റവും ആദരണീയമായ സ്ഥാനമാണ് അലങ്കരിക്കുന്നത്. ഏതാനും വർഷങ്ങൾക്ക് മുമ്പ്, യുനെസ്കോ ഇന്ത്യൻ യോഗയെ 'മനുഷ്യരാശിയുടെ സാംസ്കാരിക പൈതൃകമായി' ഔദ്യോഗികമായി അംഗീകരിച്ചു. ലോകമെമ്പാടുമുള്ള സംഘടനകൾ ഇപ്പോൾ സ്കൂളുകളിലെയും കോളേജുകളിലെയും പാഠ്യപദ്ധതികളിൽ യോഗ പരിശീലനം ഉൾപ്പെടുത്തിവരുന്നു. ഇന്ന്, ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളും യോഗയെ തങ്ങളുടെ വിദ്യാഭ്യാസ ചട്ടക്കൂടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരും തലമുറകൾ നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ശാസ്ത്രത്തെ അറിയാനും അതിന്റെ വക്താക്കളാകാനും അത് അവരുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കാനും ശ്രമിക്കുന്നു.

## വളർന്നുവരുന്ന യോഗാ വിപണി

- ഏതാണ്ട് 5,000 വർഷം പഴക്കമുള്ളതാണ് ഇന്ത്യയിലെ യോഗയുടെ ചരിത്രം
- അലൈഡ് മാർക്കറ്റ് റിസർച്ചിന്റെ റിപ്പോർട്ട് പ്രകാരം, 2019-ൽ ഇതിന്റെ ആഗോള വിപണി മൂല്യം 37.5 ബില്യൺ ഡോളറായിരുന്നു

2027 ആകുമ്പോഴേക്കും ആഗോള യോഗ വിപണി **$66.4** ബില്യൺ ആകുമെന്ന് പ്രതീക്ഷിക്കുന്നു

2021-ൽ ആഗോള യോഗാ ടൂറിസം വിപണിയുടെ കണക്കാക്കപ്പെട്ടിരുന്ന മൂല്യം **$156.11** ബില്യൺ ആയിരുന്നു

www.grandviewresearch.com-ന്റെ പഠന റിപ്പോർട്ട് പ്രകാരം, 2022-നും 2030-നും ഇടയിൽ ആഗോള യോഗാ ടൂറിസം വിപണിയിൽ **5.8%** വാർഷിക വളർച്ചയാണ് പ്രതീക്ഷിക്കുന്നത്





സിന്ധു-സരസ്വതി നദീതട സംസ്കാരത്തിൽ നിന്നും ലഭിച്ച ശേഷിപ്പുകളും മുദ്രകളും, അതിൽ ആളുകൾ യോഗ പരിശീലിക്കുന്നത് ചിത്രീകരിച്ചിട്ടുള്ളതും, ഇന്ത്യയിൽ യോഗയുടെ സാന്നിധ്യമുണ്ടായിരുന്നു എന്നതിന്റെ സൂചനകളാണ്.

## യോഗയുടെ വ്യാപകമാകുന്ന പാദമുദ്രകൾ

മൊറാർജി ദേശായ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ,

**6** ലക്ഷത്തിലധികം

സന്നദ്ധപ്രവർത്തകർക്ക് യോഗ പരിശീലനം നൽകി

യോഗ സർട്ടിഫിക്കേഷൻ ബോർഡിന്റെ ചട്ടക്കൂടിന് കീഴിൽ

**7** ലക്ഷത്തിലധികം

യോഗ പ്രൊഫഷണലുകൾക്കും സന്നദ്ധപ്രവർത്തകർക്കും സർട്ടിഫിക്കറ്റ് നൽകി.

ബാച്ച്ലർ ഓഫ് നാച്ചുറോപ്പതി ആൻഡ് യോഗിക് സയൻസസ് (BNYS) കോഴ്സുകൾ ലഭ്യമാക്കുന്ന

**70**-ലധികം

കോളേജുകൾ

**5,000**-ത്തിലധികം

യോഗാ പരിശീലന കേന്ദ്രങ്ങൾ

**190**-ലധികം

രാജ്യങ്ങൾ ഇപ്പോൾ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുന്നു.

**25**

ദേശീയ സർവേ പ്രകാരം, ഇന്ത്യയിലെ മില്യൺ കുടുംബങ്ങളിൽ ഒരു അംഗമെങ്കിലും ദിനചര്യയായി യോഗ പരിശീലിക്കുന്നവരാണ്.



ആഗോളതലത്തിൽ യോഗയ്ക്കുണ്ടായ ജനപ്രീതി മുൻനിർത്തി, അന്താരാഷ്ട്ര യോഗ വിപണിയിൽ കഴിഞ്ഞ ദശകത്തിൽ അഞ്ചിരട്ടിയുടെ വളർച്ച രേഖപ്പെടുത്തി.

### യോഗ ഒരു സോഫ്റ്റ് പവറായി ഉയർന്നുവരുന്നു

യോഗയ്ക്ക് ലഭിച്ച ആഗോള അംഗീകാരം അതിനെ 'ഇന്ത്യയുടെ ഒരു സോഫ്റ്റ് പവർ ഉദ്യമം' ആയി പ്രതിഷ്ഠിച്ചിരിക്കുന്നു. ഒരു രാജ്യത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ സ്വാധീനം- അതിന്റെ ശക്തി-ആ സമൂഹത്തിന്റെ സൃഷ്ടിപരമായ അഭിലാഷങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്; അതേസമയം ഗവണ്മെന്റ് അതിന്റെ വളർച്ചയ്ക്ക് സൗകര്യമൊരുക്കുകയും ചെയ്യുന്നു. 2014-ന് മുൻപും വിദേശങ്ങളിൽ ആളുകൾ യോഗ പരിശീലിച്ചിരുന്നു; എങ്കിലും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രചോദനത്താൽ ജൂൺ 21 'അന്താരാഷ്ട്ര യോഗ ദിന'മായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതോടെ, അത് ഒരു ആഗോള ആഘോഷമായി പരിവർത്തനം ചെയ്യപ്പെട്ടു. ഇന്ന്, ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായി ഇത് നിലകൊള്ളുന്നു. ഇന്ത്യയിൽ ഉത്ഭവിച്ച യോഗ, ആർക്കും സൗജന്യമായി പരിശീലിക്കാനാകുന്ന ഒരു ജീവിതചര്യയാണ്. ആദ്യത്തെ അന്താരാഷ്ട്ര യോഗ ദിനം 2015 ജൂൺ 21-നാണ് ആഘോഷിച്ചത്. യോഗയുടെ സവിശേഷമായ ഗുണങ്ങളെയും നേട്ടങ്ങളെയും ശക്തമായി പിന്തുണച്ചുകൊണ്ട്, പ്രധാനമന്ത്രി മോദി അതിന് ആഗോള വേദിയിൽ അംഗീകാരം ഉറപ്പാക്കി. അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഈ വ്യാപകമായ പ്രചാരം, രാഷ്ട്രനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കാളികളാകാൻ മികച്ച ആരോഗ്യം നിലനിർത്തേണ്ടത് അത്യാവശ്യമാണെന്ന ബോധ്യം എല്ലാ പൗരന്മാരിലും ഉളവാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട ആരോഗ്യപരിരക്ഷ, ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിലേക്ക് നയിച്ചിട്ടുണ്ടെന്നും, അതുവഴി ഇന്ത്യയുടെ വികസന വേഗത ത്വരിതപ്പെടുത്തിയെന്നുമുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാകാനിടയില്ല; അതിന്റെ ഫലമായി ഈ വർദ്ധിച്ച കാര്യക്ഷമത, കർമ്മയോഗമായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ആരോഗ്യകരമായ ജീവിതശൈലി എത്രത്തോളം നിർണായകമാണെന്ന്, ശരാശരി ആയുർദൈർഘ്യത്തിലുണ്ടാകുന്ന ഒരു വർഷത്തെ വർദ്ധനവ് പോലും രാജ്യത്തിന്റെ ജിഡിപിയിൽ 4 ശതമാനം വളർച്ചയ്ക്ക് കാരണമാകുന്നു എന്ന വസ്തുതയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.







51,000 ൽ അധികം നിയമന ഉത്തരവുകൾ വിതരണം ചെയ്തു

# യുവജനങ്ങളുടെ പുരോഗതി

## വികസിത ഭാരതത്തിന് പിന്നിലെ ശക്തി

*ഇന്ത്യയിലെ യുവജനങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ ശ്രമത്തിൽ, ' റോസ്ഗാർ മേള' സുപ്രധാന ചുവടുവെപ്പായി നിലകൊള്ളുന്നു. രാജ്യത്തുടനീളം ഇതുവരെ 19 റോസ്ഗാർ മേളകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഇതിലൂടെ 12 ലക്ഷത്തിലധികം നിയമന ഉത്തരവുകളാണ് ഉദ്യോഗാർത്ഥികൾക്ക് കൈമാറിയത്. മെയ് 23-ന് രാജ്യവ്യാപക മായി 47 കേന്ദ്രങ്ങളിൽ ഒരേസമയം നടന്ന 19-ാമത് റോസ്ഗാർ മേളയിൽ, ഗവണ്മെന്റ് ജോലി നേടിയ 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന ഉത്തരവുകൾ വിതരണം ചെയ്തു.*

വികസിത ഭാരതത്തിലേക്കുള്ള പ്രയാണത്തെ മുന്നോട്ട് നയിക്കുന്നതിൽ ഇന്ത്യയിലെ യുവത്വം നിർണായക പങ്ക് വഹിക്കുന്നു. ഇന്ന്, ഓരോ ഇന്ത്യക്കാരനും ഒരു മഹത്തായ ദൃഢനിശ്ചയത്തോടെയാണ് മുന്നോട്ട് നീങ്ങുന്നത് -2047-ഓടെ ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുക എന്ന ദൃഢനിശ്ചയം. റോസ്ഗാർ മേളയിൽ നിയമന ഉത്തരവുകൾ വിതരണം ചെയ്തുകൊണ്ട് , ഇന്ത്യയിലെ പൊതു-സ്വകാര്യ മേഖലകൾ സംയുക്തമായി നിരവധി പ്രചാരണ പരിപാടികളിലും സംരംഭങ്ങളിലും വൻതോതിൽ നിക്ഷേപം നടത്തുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. ഈ നിക്ഷേപങ്ങൾ രാജ്യത്തെ യുവാക്കൾക്ക് ഇവിടെത്തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അതുവഴി അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. നിയമന ഉത്തരവുകൾ കൈപ്പറ്റുന്നതിലൂടെ നിങ്ങൾ ഒരു ഗവണ്മെന്റ് ജീവനക്കാരനായി സേവനം ആരംഭിക്കുകയാണ്. അതിനാൽ, രാജ്യത്തെ സംബന്ധിച്ചിടത്തോളം 'ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക' എന്ന ആശയം രാജ്യത്തിന് നൽകുന്ന വലിയ മുൻഗണന നിങ്ങൾ എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്.

> **ഇന്ന്, ഇന്ത്യയിലെ യുവാക്കൾ ലോകമെമ്പാടുമുള്ള എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ വീര്യവുംഇതേ ഊർജ്ജവുംപൊതുസേവന രംഗത്തും പ്രതിഫലിക്കേണ്ടതുണ്ട്. തങ്ങളുടെ ജോലിയെ രാഷ്ട്ര സേവനത്തിനുള്ള ഒരു മാധ്യമമായി കാണുന്ന അത്തരം യുവാക്കളുടെ പരിശ്രമങ്ങളിലൂടെയായിരിക്കും'വികസിത ഭാരതം' കെട്ടിപ്പടുക്കാനാകുക."**
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ മുന്നേറാനും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുമുള്ള അവസരങ്ങൾ ഇന്ന് ഇന്ത്യയിലെ യുവാക്കൾക്കുണ്ട്. ഉല്പാദനം, സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ സേവനങ്ങൾ, റെയിൽവേ, പ്രതിരോധം, ബഹിരാകാശം ഉൾപ്പെടെയുള്ള നിരവധി മേഖലകളിൽ എണ്ണമറ്റ അവസരങ്ങളാണ് രാജ്യത്തെ യുവത്വത്തെ കാത്തിരിക്കുന്നത്.

**തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ വിവിധ മന്ത്രാലയങ്ങളിലേക്കും വകുപ്പുകളിലേക്കും സേവനത്തിന്**

19-ാമത് റോസ്ഗാർ മേളയിൽ നിയമന ഉത്തരവുകൾ കൈപ്പറ്റിയ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ പുതിയ ഉദ്യോഗാർത്ഥികൾ വിവിധ കേന്ദ്ര മന്ത്രാലയങ്ങളിലും വകുപ്പുകളിലും ഉടൻ ചുമതലയേൽക്കും. റെയിൽവേ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, ധനകാര്യ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലാണ് ഇവർ സേവനമനുഷ്ഠിക്കുക.

## യുവജനങ്ങൾക്ക് പുതിയ അവസരങ്ങൾ ഉറപ്പാക്കാൻ പ്രതിബദ്ധതയോടെ ഗവണ്മെന്റ്

- കേന്ദ്ര ഗവണ്മെന്റും സംരംഭവുമായി സഹകരിക്കുന്ന സംസ്ഥാന ഗവണ്മെന്റുകളും സംയുക്തമായി ലക്ഷക്കണക്കിന് തൊഴിൽ നിയമന ഉത്തരവുകൾ വിതരണം ചെയ്യുന്നു.
- വനിതകൾക്കും ഭിന്നശേഷിക്കാർക്കും വികസനത്തിൽ പിന്നാക്കം നിൽക്കുന്ന ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കും പ്രത്യേക ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നു.
- യുപിഎസ്‌സി, എസ്എസ്‌സി, റെയിൽവേ നിയമന ബോർഡ്, ഐബിപിഎസ് തുടങ്ങിയ പ്രമുഖ പരീക്ഷകളിലൂടെയാണ് നിയമനങ്ങൾ നടത്തിയത്.
- തുല്യ അവസരങ്ങൾ ഉറപ്പാക്കാൻ 13 പ്രാദേശിക ഭാഷകൾ ഉൾപ്പെടുത്തി നിയമന പരീക്ഷകൾ സുഗമമാക്കി.
- 'ഐജിഒടി-കർമയോഗി' പോർട്ടലിൽ ലഭ്യമായ 4,800-ലേറെ മികച്ച ഇ-ലേണിങ് കോഴ്സുകളിലൂടെ 1.65 കോടിയിലധികം ഗവണ്മെന്റ് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.
- സുതാര്യവും യോഗ്യത മാനദണ്ഡങ്ങളിൽ അധിഷ്ഠിതവുമായ നിയമന പ്രക്രിയ യുവജനങ്ങളുടെ സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ നൽകുന്നു.

*പ്രധാനമന്ത്രിയുടെ പരിപാടി തത്സമയം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

രാജ്യത്തെ പരമാവധി യുവജനങ്ങൾക്ക് ഈ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താനും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ സാധ്യമായ എല്ലാ അവസരങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുമാണ് ഗവണ്മെന്റ് ശ്രമിക്കുന്നതെന്ന് ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. ഇതിന്റെ ഭാഗമായി നൈപുണ്യ വികസനം, വ്യാവസായിക അനുയോജ്യ വിദ്യാഭ്യാസം, ഭാവി സാങ്കേതികവിദ്യകൾ എന്നിവയ്ക്ക് നിരന്തരം ഊന്നൽ നൽകിവരുന്നു. വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ (ഐടിഐകൾ) നവീകരിക്കുകയും ദേശീയ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 'പിഎം സേതു' പോലുള്ള സംരംഭങ്ങൾ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

**രാജ്യത്തെ ജനങ്ങളുടെ അഭിലാഷങ്ങൾ കൂടുതൽ ഉയരങ്ങളിലേക്ക്**

ഇന്ത്യയിലെ ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും ഇന്ന് വാനോളമുയരുകയാണ്. വികസനത്തിന്റെ ശുഭസൂചകമാണിത്. സഹപൗരന്മാരുടെ ആഗ്രഹങ്ങൾ മനസ്സിലാക്കുക മാത്രമല്ല, അവ സാക്ഷാത്കരിക്കാൻ വേഗത്തിലും തീവ്രമായും നാം പ്രവർത്തിക്കുകയും വേണമെന്ന് പ്രധാനമന്ത്രി മോദി ചടങ്ങിൽ പറഞ്ഞു. ഈ സാഹചര്യത്തിൽ പൊതുസേവന രംഗത്തേക്ക് പ്രവേശിക്കുന്ന യുവ ഉദ്യോഗാർത്ഥികളുടെ പങ്കിന് ഏറെ പ്രാധാന്യമുണ്ട്. നിരന്തരം പഠനത്തിൽ ഏർപ്പെടാനും പുതിയ സാങ്കേതികവിദ്യകളും സംവിധാനങ്ങളും മാറുന്ന ആവശ്യകതകളും തുടർച്ചയായി തിരിച്ചറിയാനും പ്രധാനമന്ത്രി മോദി യുവാക്കളോട് അഭ്യർത്ഥിച്ചു. ഈ ശ്രമത്തിൽ 'ഐജിഒടി-കർമയോഗി' പ്ലാറ്റ്ഫോം ഏറെ സഹായമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'കർമയോഗി പ്രാരംഭ്' പോലുള്ള പഠനഭാഗങ്ങൾ ഉത്തരവാദിത്തങ്ങൾ എളുപ്പം മനസ്സിലാക്കാൻ സഹായിക്കും. ഈ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ അഭ്യർത്ഥിക്കുന്നതായും പ്രധാനമന്ത്രി മോദി പറഞ്ഞു.

## യുവജനങ്ങൾക്ക് സർക്കാർ ജോലി ഉറപ്പാക്കി റോസ്ഗാർ മേള

| തീയതി | കൈമാറിയ നിയമനക്കത്തുകൾ |
|---|---|
| 2022 ഒക്ടോബർ 22 | 75,000 + |
| 2022 നവംബർ 22 | 71,000+ |
| 2023 ജനുവരി 20 | 71,000 + |
| 2023 ഏപ്രിൽ 13 | 71,000 + |
| 2023 മെയ് 16 | 70,000 + |
| 2023 ജൂൺ 13 | 70,000 + |
| 2023 ജൂലൈ 22 | 70,000 + |
| 2023 ഓഗസ്റ്റ് 28 | 51,000 + |
| 2023 സെപ്തംബർ 26 | 51,000 + |
| 2023 ഒക്ടോബർ 28 | 51,000 + |
| 2023 നവംബർ 30 | 51,000 + |
| 2024 ഫെബ്രുവരി 12 | 1,00,000 + |
| 2024 ഒക്ടോബർ 29 | 51,000 + |
| 2024 ഡിസംബർ 23 | 71,000 + |
| 2025 ഏപ്രിൽ 26 | 51,000 + |
| 2025 ജൂലൈ 12 | 51,000 + |
| 2025 ഒക്ടോബർ 24 | 51,000 + |
| 2026 ജനുവരി 24 | 61,000 + |
| 2026 മെയ് 23 | 51,000 + |

**കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ**

# ഭക്ഷ്യസുരക്ഷയ്ക്കും ഹരിത ഗതാഗതത്തിനും പുതിയ കുതിപ്പ്

*ദരിദ്രരുടെ ക്ഷേമപദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാൻ കേന്ദ്ര ഗവണ്മെന്റ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. ഈ ലക്ഷ്യം മുൻനിർത്തി 'സാർത്ഥക്–പിഡിഎസ്' പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് 25,530 കോടി രൂപയുടെ വിഹിതത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. എഐ സാങ്കേതികവിദ്യാധിഷ്ഠിതമായ ഗുണഭോക്തൃ രജിസ്ട്രി, ജിപിഎസ് ട്രാക്കിങ്, ക്യുആർ കോഡ് ടാഗിങ് തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് ക്ഷേമ ആനുകൂല്യങ്ങളും ഗുണഭോക്താക്കളായ പാവപ്പെട്ടവരിലേക്ക് 100% നേരിട്ട് എത്തിക്കും. കൂടാതെ അടിസ്ഥാന സൗകര്യ വികസന സംരംഭങ്ങൾക്കൊപ്പം ഡൽഹി–എൻസിആർ മേഖലയിലെ പഴയ ട്രക്കുകളും ബസുകളും മാറ്റുന്ന പദ്ധതി ഉൾപ്പെടെ നിരവധി നിർദേശങ്ങൾക്കും അംഗീകാരം നൽകി.*



കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങളുടെ പത്ര സമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക

**തീരുമാനം: ഡൽഹി–എൻസിആർ മേഖലയിലെ പഴയ ട്രക്കുകൾക്കും ബസുകൾക്കും പകരം *BS-VI* മാനദണ്ഡങ്ങൾ പാലിക്കുന്ന വാഹനങ്ങളോ ഇലക്ട്രിക് വാഹനങ്ങളോ കൊണ്ടുവരുന്ന പദ്ധതിക്ക് അംഗീകാരം.**

**അനന്തരഫലം:** ഡൽഹി–എൻസിആർ മേഖലയിലെ ഏകദേശം 1,91,000 പഴയ ട്രക്കുകൾക്കും 16,329 ബസുകൾക്കും ഈ പുനഃസ്ഥാപന പദ്ധതിയുടെ പ്രയോജനം ലഭിക്കും. മേഖലയിലെ വായുമലിനീകരണം കുറയ്ക്കാൻ ഗണ്യമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്ന ഈ സംരംഭം പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുകയും മേഖലയിലെ വായുനിലവാരം മെച്ചപ്പെടുത്താൻ വഴിയൊരുക്കുകയും ചെയ്യും.

**തീരുമാനം: ഒഡീഷയിൽ രമേശ്വർ മുതൽ പാരദീപ് വരെ ഗവണ്മെന്റും സ്വകാര്യ കമ്പനിയും സംയുക്തമായി പണം മുടക്കി ഹൈബ്രിഡ് ആന്വിറ്റി രീതിയിൽ രണ്ട് പാക്കേജുകളിലായി നിർമിക്കുന്ന 160.18 കിലോമീറ്റർ ബൃഹത്തായ തീരദേശ ഹൈവേ പദ്ധതിയുടെ ഭാഗമായി പുതിയ തീരദേശ ഹൈവേ നിർമാണത്തിന് അംഗീകാരം നൽകി.**

**അനന്തരഫലം:** ഈ ഭാഗത്തിന്റെ ആകെ ദൈർഘ്യം 160.18 കിലോമീറ്ററാണ്. പദ്ധതിക്ക് 8,300.79 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 'പിഎം ഗതി ശക്തി' തത്വങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ ഈ പദ്ധതികൾ 9 സാമ്പത്തിക കേന്ദ്രങ്ങളെയും 5 ചരക്കുനീക്ക കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിക്കും. രാജ്യത്തിന്റെ ചരക്കുനീക്ക പ്രകടന സൂചികയെ ഇത് മികച്ച രീതിയിൽ സ്വാധീനിക്കുമെന്ന് കരുതുന്നു.

- പദ്ധതി പൂർത്തിയാകുന്നതോടെ രമേശ്വറിനും പാരദീപിനും ഇടയിലെ യാത്രാസമയം ഏകദേശം 2 മണിക്കൂർ 30 മിനിറ്റായി കുറയും. ഇത് യാത്രക്കാർക്കും ചരക്കുനീക്കത്തിനും സുരക്ഷിതമായ അതിവേഗ തടസ്സരഹിത ഗതാഗതം ഉറപ്പാക്കും. കൂടാതെ ഇന്ധന ഉപഭോഗം, കാർബൺ പുറന്തള്ളൽ, വാഹന പ്രവർത്തന ചെലവ് എന്നിവ കുറയ്ക്കാനും പദ്ധതി സഹായിക്കും.

**തീരുമാനം: ബിഹാറിലെ ദേശീയപാത-31, ദേശീയപാത-231 എന്നിവയുടെ ഭാഗമായ ഖഗറിയ-പൂർണിയ മേഖല (*143.529* കിലോമീറ്റർ) ബിഒടി (ടോൾ) വ്യവസ്ഥയിൽ 3,936.05 കോടി രൂപ ചെലവിൽ നാലുവരിയാക്കി ഉയർത്താൻ അംഗീകാരം നൽകി.**

**അനന്തരഫലം:** ഖഗറിയ, ഭാഗൽപൂർ, കതിഹാർ, പൂർണിയ എന്നീ ജില്ലകളിലെ നഗരപ്രദേശങ്ങളിൽ നിലവിലെ റോഡ് ഘടനയിലെ പോരായ്മകൾക്കും കുത്തനെയുള്ള വളവുകൾക്കും ഗതാഗതക്കുരുക്കിനും ഇതോടെ പരിഹാരമാകും. പൂർണിയ നഗരത്തിന് ഏകദേശം 7 കിലോമീറ്റർ നീളത്തിൽ പുതിയ ഗ്രീൻഫീൽഡ് ബൈപ്പാസ് വികസനവും പദ്ധതിയുടെ ഭാഗമാണ്. ഇത് ശരാശരി യാത്രാവേഗം വർദ്ധിപ്പിക്കുന്നതിനൊപ്പം യാത്രാസമയം ഏകദേശം രണ്ട് മണിക്കൂറോളം കുറയ്ക്കുകയും ചെയ്യും. റോഡ് സുരക്ഷയ്ക്കും ഇന്ധനക്ഷമതയ്ക്കും വാഹന പ്രവർത്തന ചെലവ് കുറയ്ക്കാനും ഇത് വഴിയൊരുക്കും.

**തീരുമാനം: റേഷൻ ഗതാഗതം, റേഷൻ കൈകാര്യം ചെയ്യൽ, പൊതുവിതരണ സംവിധാനത്തിന്റെ ഓട്ടോമേഷൻ അസിസ്റ്റൻസ് പദ്ധതി (സാർത്ഥക്-പിഡിഎസ്) എന്നിവ ഒരു സംയോജിത വിശാല പദ്ധതിയായി തുടരാൻ അംഗീകാരം നൽകി.**

**അനന്തരഫലം:**

- റേഷൻ ഗതാഗതത്തിന് സഹായ പദ്ധതിയും സ്മാർട്ട് പൊതുവിതരണ പദ്ധതികളും സംയോജിപ്പിച്ച് ഇതിന് 'സാർത്ഥക്-പിഡിഎസ്' എന്ന് പേരിട്ടു.
- ഭക്ഷ്യധാന്യങ്ങളുടെ അന്തർസംസ്ഥാന നീക്കത്തിനും അവയുടെ കൈകാര്യത്തിനും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകിവരുന്ന കേന്ദ്ര സഹായത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചു.
- റേഷൻ കട ഡീലർമാരുടെ നിലവിലെ കേന്ദ്ര സാമ്പത്തിക സഹായവും കമ്മീഷൻ സഹായവും തുടർന്നും ലഭ്യമാക്കും.
- കൂടുതൽ കാര്യക്ഷമവും സുതാര്യവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ പൊതുവിതരണ സംവിധാനത്തിന് പ്രത്യേക ഊന്നൽ നൽകും.
- ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഫലപ്രദമായ നിർവഹണം ശക്തിപ്പെടുത്താൻ സംയോജിതവും പരസ്പര പ്രവർത്തനക്ഷമവുമായ പൊതുവിതരണ ചട്ടക്കൂട് വികസിപ്പിക്കും.
- പൊതുവിതരണ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കാൻ എഐ, മെഷീൻ ലേണിങ്, എൻഎൽപി, ബ്ലോക്ക് ചെയിൻ തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും.
- തത്സമയ നിരീക്ഷണ സംവിധാനവും എഐ അധിഷ്ഠിത പരാതി പരിഹാര സംവിധാനവും വികസിപ്പിക്കും.



**₹25,530**

**കോടി രൂപ, 16-ാം ധനകാര്യ കമ്മീഷന്റെ കാലയളവിലേക്ക് കേന്ദ്ര ചിലവിൽ അംഗീകരിച്ചു.**

**81.35**

**കോടി വരുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന് കീഴിലെ ഗുണഭോക്താക്കൾക്ക് ഗുണകരമാകും. രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷാ ചട്ടക്കൂട് ശക്തിപ്പെടുത്തും.**

***പദ്ധതി 2031 മാർച്ച് 31 വരെ തുടരും.***

- സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബയോമെട്രിക് തിരിച്ചറിയൽ അധിഷ്ഠിത വിവര സംയോജനം, ഇ-പോസ് ഓട്ടോമേഷൻ, കംപ്യൂട്ടർവൽകൃത വിതരണ ശൃംഖലാ നിർവഹണം എന്നിവ വ്യാപിപ്പിക്കും.

**തീരുമാനം: ആഭ്യന്തര-അന്തർദേശീയ സർവീസുകൾ നടത്തുന്ന ഇന്ത്യൻ വിമാനക്കമ്പനികളുടെ വ്യോമയാന ഇന്ധന വില സ്ഥിരത നിലനിർത്താൻ സഹായിക്കുന്നതിന് പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് 10,000 കോടി രൂപ വരെ ഒറ്റത്തവണ ബജറ്റ് സഹായം നൽകാൻ അംഗീകാരം നൽകി.**

**അനന്തരഫലം:** പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന്റെ ധനസഹായ അഭ്യർത്ഥനകൾ വഴി പലിശ രഹിത മുൻകൂർ തുകയായി ബജറ്റ് സഹായം എണ്ണക്കമ്പനികൾക്ക് ലഭ്യമാക്കും. പശ്ചിമേഷ്യൻ പ്രതിസന്ധി കാരണം അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവിലയിലെ അഭൂതപൂർവമായ അസ്ഥിരത തുടരുന്ന സാഹചര്യത്തിൽ വ്യോമയാന ഇന്ധനവില കൃത്യമായി നിലനിർത്തുന്നത് ഉറപ്പാക്കാനാണ് എണ്ണക്കമ്പനികൾക്ക് സഹായം നൽകുന്നത്.

**തീരുമാനം: ദേശീയപാത-63-ന്റെ നിലവിലെ അർമൂർ-ജഗ്തിയാൽ-മഞ്ചീരിയൽ മേഖല ഹൈബ്രിഡ് ആന്വിറ്റി മോഡിലും ദേശീയപാത-563-ന്റെ ജഗ്തിയാൽ-കരീംനഗർ സെക്ഷൻ ബിഒടി (ടോൾ) വ്യവസ്ഥയിലും നാലുവരിയാക്കി ഉയർത്താൻ അംഗീകാരം നൽകി.**

**അനന്തരഫലം:** ഈ ഭാഗങ്ങളുടെ ആകെ ദൈർഘ്യം 190.76 കിലോമീറ്ററാണ്. 7,500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമാണം പൂർത്തിയാകുന്നതോടെ യാത്രാസമയം ഗണ്യമായി കുറയും. അതിവേഗവും തടസ്സരഹിതവുമായ സുരക്ഷിത ഗതാഗതം ഇതിലൂടെ ഉറപ്പാക്കും. ഇന്ധന ഉപഭോഗം, കാർബൺ പുറന്തള്ളൽ, വാഹന പ്രവർത്തന ചെലവ് എന്നിവയിൽ വലിയ കുറവുണ്ടാക്കാനും പദ്ധതി സഹായിക്കും.

**തീരുമാനം: മധ്യപ്രദേശിൽ ദേശീയപാത-347ബി-യുടെ 125 കിലോമീറ്റർ ദൈർഘ്യമുള്ള ഹിവർഖേഡി-രോഷ്നി-ആശാപൂർ-രുധി മേഖല രണ്ടുവരിയാക്കി വികസിപ്പിക്കാനും ഏകദേശം 109 കിലോമീറ്റർ ദൈർഘ്യമുള്ള ദേശ്ഗാവ്-ജുൽവാനിയ ഭാഗം നാലുവരിയാക്കി ഉയർത്താനും പദ്ധതിക്ക് അംഗീകാരം നൽകി. 'ഹൈബ്രിഡ് ആന്വിറ്റി മോഡി'ലാണ് പദ്ധതി നിർവഹണം.**

**അനന്തരഫലം:** 4,415.60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ശരാശരി യാത്രാവേഗം ഗണ്യമായി വർധിപ്പിക്കും. പ്രദേശത്തെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും റോഡ് സുരക്ഷ, ഇന്ധനക്ഷമത, വാഹന പ്രവർത്തന ചെലവ് കുറയ്ക്കൽ എന്നിവയിൽ പുരോഗതിയുണ്ടാക്കുകയും ചെയ്യും. മധ്യപ്രദേശിലെ പ്രധാന സാമ്പത്തിക, സാമൂഹ്യ, ചരക്കുനീക്ക കേന്ദ്രങ്ങളെ പദ്ധതി പരസ്പരം ബന്ധിപ്പിക്കും.




പത്മ പുരസ്കാരങ്ങൾ 2026

# രാജ്യത്തിന്റെ നായകർക്ക് ആദരം

***രാജ്യത്തെ അതുല്യ പ്രതിഭകളുടേയും അസാധാരണ സേവനങ്ങളുടേയും അദമ്യമായ ധീരതയുടേയും തിളക്കത്താൽ രാഷ്ട്രപതി ഭവനിലെ ഗണതന്ത്ര മണ്ഡപം വീണ്ടും പ്രകാശപൂരിതമായി. മെയ് 25 – ന് നടന്ന പ്രൗഢഗംഭീരമായ ആദ്യ ഘട്ട പൗര പുരസ്കാര വിതരണ ചടങ്ങിൽ, 2026 വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട 131 പേരിൽ 66 വിശിഷ്ട വ്യക്തിത്വങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അഭിമാനകരമായ പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.***

ചടങ്ങിന്റെ ആദ്യ ഘട്ടത്തിൽ, 2 പത്മവിഭൂഷൺ, 6 പത്മഭൂഷൺ, 58 പത്മശ്രീ പുരസ്കാരങ്ങൾ എന്നിവയാണ് സമ്മാനിച്ചത്. ഈ പരിപാടി വെറുമൊരു പുരസ്കാര വിതരണ ചടങ്ങ് മാത്രമായിരുന്നില്ല, തങ്ങളുടെ അശ്രാന്ത പരിശ്രമത്തിലൂടെ രാജ്യത്തെ മാറ്റിമറിച്ച സാധാരണക്കാരായ നായകരുടെ സമർപ്പണത്തിന്റെയും നേട്ടങ്ങളുടേയും ആഘോഷം കൂടിയായിരുന്നു അത്. കല, സാഹിത്യം, സാമൂഹിക സേവനം, ശാസ്ത്രം, വ്യവസായം തുടങ്ങിയ മേഖലകളിലെ സംഭാവനകളിലൂടെ രാജ്യത്തിന്റെ യശസ്സ് ഉയർത്തിയ ഇന്ത്യയുടെ പുത്രന്മാരെയും പുത്രിമാരെയുമാണ് രാഷ്ട്രപതി ഭവനിൽ നടന്ന ഈ ചടങ്ങിൽ ആദരിച്ചത്. ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതികൾക്ക് അർഹരായ അസാധാരണ വ്യക്തിത്വങ്ങളുടെ ജീവിതയാത്രയുടെ കഥയാണിത്. ഈ വർഷം ജനുവരി 25-നാണ് 2026-ലെ പത്മ പുരസ്കാരത്തിന് അർഹരായ 131 പേരുടെ പേരുകൾ ഇന്ത്യാ ഗവണ്മെന്റ് പ്രഖ്യാപിച്ചത്.



# പത്മ വിഭൂഷൺ



## ധർമ്മേന്ദ്ര സിംഗ് ഡിയോൾ (മരണാനന്തര ബഹുമതി)

*ഇന്ത്യൻ സിനിമയിലെ ഇതിഹാസ നടനും മുൻ പാർലമെന്റ് അംഗവുമായ ധർമ്മേന്ദ്ര സിംഗ് ഡിയോൾ, ഹിന്ദി സിനിമ ചരിത്രത്തിലെ ഏറ്റവും വൈവിധ്യമാർന്ന വേഷങ്ങൾ ചെയ്ത ജനപ്രിയ നടന്മാരിൽ ഒരാളായാണ് കണക്കാക്കപ്പെടുന്നത്. ബോളിവുഡിന്റെ 'ഹീ–മാൻ' എന്ന പേരിൽ ജനപ്രിയനായ അദ്ദേഹം ആറ് പതിറ്റാണ്ടിലേറെ നീണ്ടുനിന്ന മഹത്തായ അഭിനയജീവിതം നയിച്ചു. മുന്നൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ച അദ്ദേഹം ഹിന്ദി സിനിമയിൽ ഏറ്റവും കൂടുതൽ ഹിറ്റ് ചിത്രങ്ങൾ സമ്മാനിച്ച റെക്കോർഡിന് ഉടമ കൂടിയാണ്. കലയോടുള്ള ആജീവനാന്ത സമർപ്പണത്തിന് നിരവധി അഭിമാനകരമായ പുരസ്കാരങ്ങളും ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ബോളിവുഡിന് നൽകിയ അമൂല്യമായ സംഭാവനകൾ പരിഗണിച്ച് 1997–ൽ അദ്ദേഹത്തിന് ഫിലിംഫെയർ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിച്ചു. 2012–ൽ രാജ്യത്തെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മഭൂഷൺ നൽകിയും രാജ്യം അദ്ദേഹത്തെ ആദരിച്ചു. സിനിമാരംഗത്തെ നേട്ടങ്ങൾക്ക് പുറമേ, 2004 മുതൽ 2009 വരെ രാജസ്ഥാനിലെ ബിക്കാനീർ മണ്ഡലത്തെ പ്രതിനിധീകരിച്ച് ധർമ്മേന്ദ്ര പാർലമെന്റ് (ലോക് സഭ) അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1939 ഡിസംബർ 8–ന് പഞ്ചാബിലെ നസ്രാലിയിലാണ് അദ്ദേഹം ജനിച്ചത്.*



# പത്മശ്രീ

- വിശ്വബന്ധു (മരണാനന്തര ബഹുമതി)
- ഭരത് സിംഗ് ഭാരതി
- തഗ റാം ഭീൽ
- ഹർമൻപ്രീത് കൗർ ഭുള്ളർ
- രതിലാൽ മോഹൻലാൽ ബോരിസാഗർ
- കുമാർ ബോസ്
- ജനാർദ്ദൻ ബാപ്പുറാവു ബോഥെ
- സ്വാമി ബ്രഹ്മദേവ്
- പ്രോസൻജിത് ചാറ്റർജി
- ദേവകി അമ്മ ജി
- ഡോ. രാമചന്ദ്ര ഗോഡ്ബോലെ
- സുനിത ഗോഡ്ബോലെ
- ടെച്ചി ഗുബിൻ
- ഡോ. എച്ച്.വി. ഹാൻഡെ
- ഗഫാറുദ്ദീൻ മേവാതി ജോഗി
- മീർ ഹാജി കാസം
- രഘുവീർ ഖേദ്കർ
- ആർ. കൃഷ്ണൻ കിത്ന (മരണാനന്തര ബഹുമതി)
- പ്രൊഫ. ഡോ. ലാർസ്-ക്രിസ്റ്റ്യൻ കോച്ച്
- പ്രൊഫ. മാമിഡാല ജഗദേഷ് കുമാർ
- പ്രവീൺ കുമാർ
- കെ. വിജയ് കുമാർ
- ശ്രീരംഗ് ദേവ്ബ ലാഡ്
- അങ്കെഗൗഡ എം.
- പ്രൊഫസർ (ഡോ.) സരോജ് മണ്ഡൽ
- പ്രൊഫ. ബുദ്ധ രശ്മി മണി
- നിലേഷ് വിനോദ് ചന്ദ്ര മണ്ട്ലേവാല
- ഡോ. മഹേന്ദ്ര കുമാർ മിശ്ര
- തൃപ്തി മുഖർജി




## പത്മ വിഭൂഷൺ



### ഡോ. (ശ്രീമതി) എൻ. രാജം

സംഗീത ലോകത്തെ ഏറ്റവും മികച്ചതും പ്രശസ്തവുമായ വ്യക്തിത്വങ്ങളിൽ ഒരാളായ ഡോ. (ശ്രീമതി) എൻ. രാജം വയലിനിൽ അതുല്യ പ്രതിഭയാണ്. അവരുടെ വിരലുകൾ വയലിൻ തന്ത്രികളിൽ സ്പർശിക്കുന്ന നിമിഷം മുതൽ, ശ്രോതാക്കളെ വിസ്മയിപ്പിക്കുന്ന മനോഹരമായ അന്തരീക്ഷമാണ് അവിടെ സൃഷ്ടിക്കപ്പെടുന്നത്. വയലിനിൽ വായ്പ്പാട്ട് ശൈലി അവതരിപ്പിക്കുന്ന 'ഗായകി ആംഗ്' എന്ന നൂതന സങ്കേതത്തിന് തുടക്കം കുറിച്ചുകൊണ്ട് അവർ ക്ലാസിക്കൽ സംഗീതത്തിൽ വിപ്ലവം സൃഷ്ടിച്ചു. ഇത് അവർക്ക് 'പാടും വയലിൻ' എന്ന പേരിൽ ലോകമെമ്പാടും പ്രശസ്തി നേടിക്കൊടുത്തു. 1939 മാർച്ച് 16-ന് എറണാകുളത്തെ പ്രശസ്തമായ ഒരു സംഗീത പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച ഡോ. രാജം, പിതാവായ വിദ്വാൻ എ. നാരായണ അയ്യരിൽ നിന്നാണ് സംഗീതത്തിന്റെ അടിസ്ഥാന പാഠങ്ങൾ അഭ്യസിച്ചത്. മികച്ച കലാകാരി എന്നതിന് പുറമേ, ബനാറസ് ഹിന്ദു സർവ്വകലാശാലയിലെ പെർഫോമിംഗ് ആർട്സ് ഫാക്കൽറ്റിയിൽ ഏകദേശം നാല് പതിറ്റാണ്ടുകാലം പ്രൊഫസറായി അവർ സേവനമനുഷ്ഠിച്ചു. പിന്നീട് വകുപ്പ് മേധാവിയായും ഫാക്കൽറ്റിയുടെ ഡീനായും അവർ ചുമതല വഹിച്ചു. യു.എസ്.എ, കാനഡ, റഷ്യ, ഫ്രാൻസ്, ഇറ്റലി, ജർമ്മനി, നെതർലാൻഡ്സ്, സ്വിറ്റ്സർലൻഡ്, ന്യൂസിലാൻഡ്, ഓസ്ട്രേലിയ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങളിലും യൂറോപ്പിലുടനീളവും വേദി പങ്കിട്ടുകൊണ്ട് അവർ ലോകമെമ്പാടുമുള്ള ആസ്വാദകരെ ആകർഷിച്ചു. നിരവധി അഭിമാനകരമായ പുരസ്കാരങ്ങൾ നൽകി രാജ്യം ഡോ. രാജത്തെ ആദരിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാനി സംഗീതത്തിന് നൽകിയ അസാധാരണമായ സംഭാവനകൾ പരിഗണിച്ചാണ് 1984-ൽ പത്മശ്രീ, 2004-ൽ പത്മഭൂഷൺ, 1990-ൽ സംഗീത നാടക അക്കാദമി പുരസ്കാരം എന്നിവ അവർക്ക് സമ്മാനിച്ചത്.




## പത്മ ഭൂഷൺ



### ശതാവധാനി ഡോ. ആർ. ഗണേഷ്

പേനയോ പേപ്പറോ പോലുള്ള യാതൊരുവിധ ഉപകരണങ്ങളും കൂടാതെ, തൽക്ഷണം രചിക്കുന്ന കവിതകളിലൂടെ വിവിധ തരത്തിലുള്ള കാവ്യാത്മക വെല്ലുവിളികൾക്ക് പരിഹാരം കാണുന്ന, ഇന്ത്യയ്ക്ക് മാത്രം അവകാശപ്പെടാനുള്ള ഒരു ക്ലാസിക്കൽ കലാരൂപമായ അവധാനകലയുടെ പ്രഗത്ഭ ആചാര്യനാണ് ശതാവധാനി ഡോ. ആർ. ഗണേഷ്. ഒരു കലാകാരന്റെ സർഗ്ഗാത്മകതയേയും പാണ്ഡിത്യത്തെയും അങ്ങേയറ്റം പരീക്ഷിക്കുന്ന ഈ കല, ഒരേ സമയം ഒന്നിലധികം കാര്യങ്ങൾ ചെയ്യാനും വ്യത്യസ്തമായി ചിന്തിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവിനെ പ്രകടമാക്കുന്നു. കന്നഡ ഭാഷയിൽ ഈ കലാരൂപത്തെ പുനർജ്ജീവിപ്പിച്ചതിന്റെ ക്രെഡിറ്റ് അദ്ദേഹത്തിനാണ്. പ്രധാനമായും കന്നഡയിലും സംസ്കൃതത്തിലുമായി ഇതുവരെ 1,300-ലധികം അഷ്ടാവധാനങ്ങളും 5 ശതാവധാനങ്ങളും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. ഈ കലയുടെ എല്ലാ രൂപങ്ങളിലും പ്രകടനം നടത്തിയിട്ടുള്ള അദ്ദേഹം, ഇതിലേക്ക് നിരവധി പുതിയ ഘടകങ്ങൾ കൂട്ടിച്ചേർക്കുകയും ഈ പുരാതന കലാരൂപത്തെ സജീവമായി നിലനിർത്താൻ യുവതലമുറയിലെ കലാകാരന്മാർക്ക് പ്രചോദനം നൽകുകയും ചെയ്തു. 1962 ഡിസംബർ 4-ന് കർണ്ണാടകയിലെ കോലാറിൽ ജനിച്ച ഡോ. ആർ. ഗണേഷ്, മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദവും, മെറ്റീരിയൽസ് സയൻസ് ആൻഡ് മെറ്റലർജി, സംസ്കൃതം എന്നിവയിൽ ബിരുദാനന്തര ബിരുദവും, കന്നഡയിൽ ഡി.ലിറ്റും നേടിയിട്ടുണ്ട്. കാവ്യശാസ്ത്രം, ഛന്ദശ്ശാസ്ത്രം, സാഹിത്യം, തത്ത്വചിന്ത, ക്ലാസിക്കൽ കലകൾ എന്നിവയിൽ വൈദഗ്ധ്യമുള്ള ബഹുഭാഷാ പണ്ഡിതനായ അദ്ദേഹത്തിന് ഇന്ത്യൻ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ആഴത്തിലുള്ള അറിവുണ്ട്. കന്നഡ, സംസ്കൃതം, പ്രാകൃത്, പാലി, തെലുങ്ക്, തമിഴ്, ഹിന്ദി, ഗ്രീക്ക്, ലാറ്റിൻ, ഇറ്റാലിയൻ എന്നിവയുൾപ്പെടെ നിരവധി ഭാഷകളിൽ അദ്ദേഹത്തിന് പ്രാവീണ്യമുണ്ട്.




## പത്മ ഭൂഷൺ



### ഭഗത് സിംഗ് കോഷിയാരി

ഉത്തരാഖണ്ഡിൽ സ്നേഹത്തോടെ 'ഭഗത് ദാ' എന്ന് വിളിക്കപ്പെടുന്ന ഭഗത് സിംഗ് കോഷിയാരി പ്രശസ്തനായ സാമൂഹിക പ്രവർത്തകനും വിദ്യാഭ്യാസ വിദഗ്ദ്ധനും മാധ്യമപ്രവർത്തകനും ദേശീയ നേതാവുമാണ്. പൊതുസേവനത്തിനും സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ ഉന്നമനത്തിനുമായി അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. 1942 ജൂൺ 17-ന് ഉത്തരാഖണ്ഡിലെ ബാഗേശ്വർ ജില്ലയിലെ പലന്ദുര ഗ്രാമത്തിൽ ജനിച്ച കോഷിയാരി, 1964-ൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടി. ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം, പിന്നീട് വിദ്യാഭ്യാസ, സാമൂഹിക സേവന മേഖലകൾക്കായി പൂർണ്ണമായി സ്വയം സമർപ്പിച്ചു. 1997-ൽ അദ്ദേഹം ഉത്തർപ്രദേശ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായി. ഉത്തരാഖണ്ഡ് സംസ്ഥാന രൂപീകരണത്തിന് ശേഷം, സംസ്ഥാനത്തെ ആദ്യ മന്ത്രിസഭയിൽ കാബിനറ്റ് മന്ത്രിയായും പിന്നീട് മുഖ്യമന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു. രാജ്യസഭയിലും ലോക് സഭയിലും പാർലമെന്റ് അംഗമായും, മഹാരാഷ്ട്ര ഗവർണറായും, കൂടാതെ അധിക ചുമതലയോടെ ഗോവ ഗവർണറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.




## പത്മശ്രീ

- ഹരിമാധവ് മുഖോപാധ്യായ (മരണാനന്തര ബഹുമതി)
- ഡോ. എ.ഇ. മുത്തുനായകം
- സത്യനാരായൺ നന്ദലാൽ നുവാൽ
- കെ. പളനിവേൽ
- ധാർമ്മിക് ലാൽ ചുനിലാൽ പാണ്ഡ്യ
- കൈലാഷ് ചന്ദ്ര പന്ത്
- ഗരിമെല്ല ബാലകൃഷ്ണ പ്രസാദ് (മരണാനന്തര ബഹുമതി)
- പ്രൊഫ. (ഡോ.) രാജേന്ദ്ര പ്രസാദ്
- ഡോ. ഗുഡുരു വെങ്കട്ട റാവു
- ദീപിക റെഡ്ഡി
- ഡോ. പലകൊണ്ട വിജയ് ആനന്ദ് റെഡ്ഡി
- ഹരിചരൺ സൈകിയ
- പ്രൊഫ. വെമ്പട്ടി കുടുംബ ശാസ്ത്രി
- പ്രൊഫ. ഷാഫി ഷൗക്ക്
- ബൽദേവ് സിംഗ്
- യുംനം ജാത്ര സിംഗ് (മരണാനന്തര ബഹുമതി)
- ഡോ. അശോക് കുമാർ സിംഗ്
- ശിവശങ്കരി
- ഡോ. ആർ. ശ്രീധർ
- പ്രൊഫ. ശ്യാം സുന്ദർ
- ഡോ. എസ്.ജി. സുശീലമ്മ
- എൻ. സ്വാമിനാഥൻ
- ഡോ. കേവൽ കൃഷൻ തക്രാൽ
- ഡോ. ഗോപാൽ ജി ത്രിവേദി (മരണാനന്തര ബഹുമതി)
- അരവിന്ദ് വൈദ്യ
- പ്രൊഫ. ജുസർ വാസി
- ഡോ. നാരായൺ വ്യാസ്
- ഹാലി വാർ
- പ്രൊഫ. ഗംഭീർ സിംഗ് യോൺസോൺ




# പത്മ ഭൂഷൺ



## ഉദയ് സുരേഷ് കുമാർ കൊട്ടക്

ഇന്ത്യയിലെ പ്രമുഖ ബാങ്കർമാരിലും ധനകാര്യ സേവന മേഖലയിലെ വിദഗ്ധരിലും ഒരാളായ ഉദയ് സുരേഷ് കുമാർ കൊട്ടക്, രാജ്യത്തെ മുൻനിര സ്വകാര്യ ബാങ്കുകളിലൊന്ന് സ്ഥാപിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച വ്യക്തിയാണ്. 1959 മാർച്ച് 15-നാണ് അദ്ദേഹം ജനിച്ചത്. 1985-ൽ കൊട്ടക് 'കൊട്ടക് മഹിന്ദ്ര ഫിനാൻസ് ലിമിറ്റഡ്' സ്ഥാപിച്ചു. തുടർന്ന് ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ്, സ്റ്റോക്ക് ബ്രോക്കിംഗ്, ഇൻഷുറൻസ്, കാർ ഫിനാൻസ്, മ്യൂചൽ ഫണ്ടുകൾ തുടങ്ങിയ സേവനങ്ങളിലേക്ക് ഈ കമ്പനി പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. 2003 മാർച്ചിൽ ഇത് 'കൊട്ടക് മഹിന്ദ്ര ബാങ്ക്' ആയി മാറി. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ (RBI) നിന്ന് ബാങ്കിംഗ് ലൈസൻസ് ലഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ബാങ്കിംഗ് ഇതരധനകാര്യ സ്ഥാപനമായി (NBFC) ഇത് ചരിത്രം കുറിച്ചു. ബാങ്കിന്റെ വളർച്ചയ്ക്ക് നേതൃത്വം നൽകിയ അദ്ദേഹം, 2014-ൽ ഐ.എൻ.ജി വൈശ്യാ ബാങ്ക് (ING Vysya Bank) ഏറ്റെടുത്തുകൊണ്ട് ഇതിന്റെ പദവി കൂടുതൽ ശക്തമാക്കി. ഇന്ത്യയുടെ ബാങ്കിംഗ്, ധനകാര്യ മേഖലകളുടെ വളർച്ചയ്ക്കും വികാസത്തിനും അദ്ദേഹം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. നിലവിൽ ഇന്തോ-യുകെ ഫിനാൻഷ്യൽ പാർട്ണർഷിപ്പിന്റെ (IUKFP) കോ-ചെയർമാനായും, ഗവൺമെന്റ് ഓഫ് സിംഗപ്പൂർ ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷന്റെ അന്താരാഷ്ട്ര ഉപദേശക സമിതി അംഗമായും അദ്ദേഹം പ്രവർത്തിക്കുന്നു. 2023 ഡിസംബർ വരെ മോണിറ്ററി അതോറിറ്റി ഓഫ് സിംഗപ്പൂരിന്റെ അന്താരാഷ്ട്ര ഉപദേശക സമിതിയിൽ സേവനമനുഷ്ഠിച്ച അദ്ദേഹം കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (CII) പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.



## ഡോ. കല്ലിപ്പട്ടി രാമസാമി പളനിസ്വാമി

നാല് പതിറ്റാണ്ടിലേറെ പ്രവൃത്തിപരിചയമുള്ള പ്രശസ്തനായ ഒരു ഗ്യാസ്ട്രോ എൻട്രോളജിസ്റ്റാണ് ഡോ. കല്ലിപ്പട്ടി രാമസാമി പളനിസ്വാമി. 1949 മാർച്ച് 15-ന് തമിഴ്നാട്ടിലെ കല്ലിപ്പട്ടി എന്ന ഗ്രാമത്തിലെ ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. 1972-ൽ മൈസൂർ സർവകലാശാലയിൽ നിന്ന് എം.ബി.ബി.എസ് (MBBS) ബിരുദം നേടി. തുടർന്ന് 1981-ൽ മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് ഡി.എം (ഗ്യാസ്ട്രോഎൻട്രോളജി) ബിരുദവും കരസ്ഥമാക്കി. 1986-ൽ അദ്ദേഹം സ്റ്റാൻലി മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം സ്ഥാപിച്ചു. വടക്കൻ ചെന്നൈയിലെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സേവിക്കുന്നതിനായി സ്വയം സമർപ്പിച്ചുകൊണ്ട് 2000-മാണ്ട് വരെ അദ്ദേഹം ഈ വകുപ്പിന്റെ മേധാവിയായും പ്രൊഫസറായും സേവനമനുഷ്ഠിച്ചു. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങളുടെ സേവനത്തിനായി അദ്ദേഹം എപ്പോഴും പ്രത്യേക താല്പര്യം കാണിച്ചിരുന്നു. മൂന്ന് പതിറ്റാണ്ടിലേറെയായി ചെന്നൈയിലെ രാമകൃഷ്ണ മഠം ആശുപത്രിയിൽ അദ്ദേഹം സൗജന്യ സേവനം നൽകി വരുന്നുണ്ട്. കൂടാതെ തന്റെ ജന്മനാടായ കല്ലിപ്പട്ടിയിൽ അദ്ദേഹം നിരവധി ആരോഗ്യ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. തന്റെ ഗ്രാമത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഒരു പാലം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനായുള്ള പുതിയ കെട്ടിടം, ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായുള്ള തടയണകൾ എന്നിവയുടെ നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. വൈദ്യശാസ്ത്ര രംഗത്തെ അദ്ദേഹത്തിന്റെ മികച്ച സംഭാവനകൾ പരിഗണിച്ച്, 2007-ൽ രാജ്യം അദ്ദേഹത്തിന് 'പത്മശ്രീ' പുരസ്കാരം നൽകി ആദരിച്ചു.





## പത്മ ഭൂഷൺ



### പ്രൊഫ. വിജയ് കുമാർ മൽഹോത്ര (മരണാനന്തരം)

പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും വിദ്യാഭ്യാസവിദഗ്ദ്ധനും കായിക സംഘാടകനുമായിരുന്നു പ്രൊഫ. വിജയ് കുമാർ മൽഹോത്ര. 1931 ഡിസംബർ 3-ന് ലാഹോറിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. ഹിന്ദി സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നേടിയ അദ്ദേഹം, പ്രശസ്ത കവി സോഹൻലാൽ ദ്വിവേദിയെക്കുറിച്ചുള്ള പഠനത്തിലൂടെ പി.എച്ച്.ഡി കരസ്ഥമാക്കി. ഡൽഹിയിലെ പി.ജി.ഡി.എ.വി കോളേജിൽ ഏകദേശം 36 വർഷത്തോളം അദ്ദേഹം അധ്യാപകനായി സേവനമനുഷ്ഠിച്ചു. രാഷ്ട്രീയ സ്വയംസേവക് സംഘ് (RSS), അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്ത് (ABVP) എന്നിവയുമായുള്ള പ്രവർത്തനങ്ങളിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിൽ സജീവമായത്. 1967-ൽ, 35-ാം വയസ്സിൽ അദ്ദേഹം ഡൽഹിയിലെ ഏറ്റവും പ്രായം കുറഞ്ഞ ചീഫ് എക്സിക്യൂട്ടീവ് കൗൺസിലറായി ചുമതലയേറ്റു. അഞ്ച് തവണ പാർലമെന്റ് അംഗമായും (MP) രണ്ട് തവണ നിയമസഭാ അംഗമായും (MLA) അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1999-ൽ നടന്ന തിരഞ്ഞെടുപ്പിൽ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ അദ്ദേഹം പരാജയപ്പെടുത്തി. കായിക ഭരണരംഗത്തും അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ വലുതായിരുന്നു; 'ആർച്ചറി അസോസിയേഷൻ ഓഫ് ഇന്ത്യ'യുടെ പ്രസിഡന്റായി പ്രവർത്തിച്ച അദ്ദേഹം, ഈ കായിക ഇനത്തിന് അന്താരാഷ്ട്ര തലത്തിൽ അംഗീകാരം നേടിക്കൊടുക്കാൻ സഹായിച്ചു. ഭവന നിർമ്മാണം, വിദ്യാഭ്യാസം, കായികം, ചേരി നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾ ഡൽഹിയുടെ വികസനത്തിൽ ആഴത്തിലുള്ള മുദ്രപതിപ്പിച്ചു. 2025 സെപ്റ്റംബർ 30-നാണ് അദ്ദേഹം അന്തരിച്ചത്.



### പീയൂഷ് പാണ്ഡെ.(മരണാനന്തരം)

ഇന്ത്യൻ പരസ്യമേഖലയിൽ ഏറ്റവും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന വ്യക്തിയായിരുന്നു പീയൂഷ് പാണ്ഡെ. പതിറ്റാണ്ടുകളായി ഇന്ത്യൻ പരസ്യരംഗത്തെ നിർണ്ണായക സാന്നിധ്യമായിരുന്ന അദ്ദേഹം, സർഗ്ഗാത്മകതയ്ക്ക് ഉപരിയായി തന്ത്രപരമായ കാഴ്ചപ്പാടിലൂടെയും വ്യവസായ നേതൃത്വത്തിലൂടെയും സാംസ്കാരിക സൂക്ഷ്മതകളെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവിലൂടെയും ഈ മേഖലയെ സ്വാധീനിച്ചു. 1955 സെപ്റ്റംബർ 5-നാണ് അദ്ദേഹം ജനിച്ചത്. തന്റെ ഔദ്യോഗിക ജീവിതത്തിലുടനീളം നിരവധി ഐതിഹാസിക പരസ്യപ്രചാരണങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. പോളിയോ നിർമ്മാർജ്ജനത്തിനായുള്ള 'ദോ ബൂന്ദ് സിന്ദഗി കീ', 'മിലേ സുർ മേരാ തുമാരാ' തുടങ്ങിയ പ്രചാരണങ്ങൾ കേവലം പരസ്യം എന്നതിലുപരി സാംസ്കാരിക പ്രതീകങ്ങളായി മാറി. അദ്ദേഹത്തിന്റെ സർഗ്ഗാത്മക വൈഭവം ഇന്ത്യൻ പരസ്യ വ്യവസായ മേഖലയിൽ സവിശേഷമായ വ്യക്തിമുദ്ര പതിപ്പിച്ചു. 2016-ൽ രാജ്യം അദ്ദേഹത്തെ 'പത്മശ്രീ' നൽകി ആദരിച്ചു. 2025 ഒക്ടോബർ 24ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ദർശനവും ഭാവി തലമുറകളെ തുടർന്നും പ്രചോദിപ്പിക്കും. ഇന്ത്യൻ പരസ്യ മേഖലയിലെ അതികായരിൽ ഒരാളായി അദ്ദേഹം എന്നും സ്മരിക്കപ്പെടും.പ്രമുഖ ബിസിനസ്സ് ദിനപത്രമായ 'ദി ഇക്കണോമിക് ടൈംസ്' തുടർച്ചയായി 14 വർഷമാണ് ഇന്ത്യയിലെ ഏറ്റവും സ്വാധീനശക്തിയുള്ള പരസ്യവ്യക്തിത്വമായി അദ്ദേഹത്തെ തിരഞ്ഞെടുത്തത്. എണ്ണൂറിലധികം ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹം, പരസ്യലോകത്ത് ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ കരസ്ഥമാക്കിയ ഇന്ത്യക്കാരനാണ്.



പ്രധാനമന്ത്രി പങ്കെടുത്ത പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# യൂറോപ്പ് മുതൽ ഗൾഫ് വരെ: ഇന്ത്യയുടെ വളരുന്ന ആഗോള സ്വാധീനത്തിന്റെ പ്രതിഫലനം

***ആഗോള വേദിയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന പങ്കിന്റെയും മാറിമറിയുന്ന ഭൗമരാഷ്ട്രീയ സമവാക്യങ്ങളുടെയും പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (UAE), നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനം ഇന്ത്യയുടെ പുതിയ ആഗോള തന്ത്രത്തിന്റെ ശക്തമായ തെളിവാണ്. ഊർജ്ജ സുരക്ഷ, ഹരിത സാങ്കേതികവിദ്യ, പ്രതിരോധ സഹകരണം, നിക്ഷേപം, നൂതനാശയങ്ങൾ, തന്ത്രപരമായ പങ്കാളിത്തം തുടങ്ങിയ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ പര്യടനം, ഇന്ത്യയുടെ വൈവിധ്യമാർന്ന ദേശീയ താല്പര്യങ്ങൾക്ക് പുതിയ വേഗത പകർന്നിരിക്കുന്നു. ലോകം ഒരു പുതിയ അധികാരസന്തുലിതാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും, ഇന്ത്യ വിശ്വസ്തവും നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കാൻ ശേഷിയുള്ളതുമായ ഒരു വികസന പങ്കാളിയായി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്യുന്ന ഒരു സമയത്താണ് ഈ സന്ദർശനം നടന്നത്.***

5 രാജ്യങ്ങളിലായി മെയ് 15 മുതൽ മെയ് 20 വരെ നീണ്ടുനിന്ന വിദേശ പര്യടനത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ രാജ്യങ്ങളിലെ നേതാക്കളുമായി ഉഭയകക്ഷി-ആഗോള വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടത്തി. മാറിവരുന്ന ആഗോള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നടന്ന ഈ ഉന്നതതല ചർച്ചകളിൽ ഇന്ത്യയുടെ സാമ്പത്തിക, തന്ത്രപ്രധാന, ആഗോള താല്പര്യങ്ങൾക്കായിരുന്നു പ്രധാന മുൻഗണന. ഊർജ്ജ സുരക്ഷ, ഹരിത വികസനം, പ്രതിരോധ സഹകരണം, സാങ്കേതിക നൂതനാശയങ്ങൾ, ഡിജിറ്റൽ പങ്കാളിത്തം, ജല പരിപാലനം, നിക്ഷേപം, വ്യാപാര വിപുലീകരണം തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ ഈ കൂടിക്കാഴ്ചകളിൽ നടന്നു.യു.എ.ഇ-യുമായുള്ള ഇടപെടലുകളിലൂടെ ഊർജ്ജം, നിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ട മേഖലകൾക്ക് പുതിയ കരുത്ത് ലഭിച്ചപ്പോൾ, യൂറോപ്യൻ രാജ്യങ്ങളുമായുള്ള ആശയവിനിമയത്തിലൂടെ വിശ്വസ്തനായ ഒരു പങ്കാളി എന്ന നിലയിലുള്ള പദവി ഇന്ത്യ കൂടുതൽ ശക്തമാക്കി. കൂടാതെ, ഈ പര്യടനം 'വികസിത ഭാരതം' എന്ന കാഴ്ചപ്പാടിന് അനുസൃതമായി, ആഗോള രാഷ്ട്ര ക്രമത്തിൽ ഇന്ത്യയുടെ വളർന്നുവരുന്ന സ്വാധീനത്തെയും നേതൃശേഷിയെയും പ്രതിഫലിപ്പിക്കുന്നു.

# ഇന്ത്യ -യുഎഇ ബന്ധം

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുണൈറ്റഡ് അറബ് എമിറേറ്റ്സ് (UAE) പ്രസിഡന്റ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും സമഗ്രമായ ചർച്ചകൾ നടത്തി. യു.എ.ഇക്ക് നേരെയുണ്ടായ ആക്രമണങ്ങളെ പ്രധാനമന്ത്രി മോദി ശക്തമായി അപലപിക്കുകയും, ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യയുടെ പിന്തുണ അവിടുത്തെ ഭരണനേതൃത്വത്തെയും ജനങ്ങളെയും അറിയിക്കുകയും ചെയ്തു. ഹോർമുസ് കടലിടുക്കിലൂടെയുള്ള സുരക്ഷിതമായ യാത്രയും തടസ്സമില്ലാത്ത സമുദ്ര പാതകളും നിലനിർത്തേണ്ടതിന്റെ ആവശ്യകത ഇന്ത്യ ഊന്നിപ്പറഞ്ഞു. പ്രാദേശിക സമാധാനത്തിനും സുസ്ഥിരതയ്ക്കും ഒപ്പം ഊർജ്ജ-ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണെന്ന് ഇന്ത്യ വിശ്വസിക്കുന്നു. ഇന്ത്യ-യു.എ.ഇ ഊർജ്ജ പങ്കാളിത്തം തുടർച്ചയായി ശക്തിപ്പെടുന്നതിൽ ഇരു നേതാക്കളും തൃപ്തി രേഖപ്പെടുത്തുകയും, ഇത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ, 'ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ്സ് ലിമിറ്റഡും' (ISPRL), 'അബുദാബി നാഷണൽ ഓയിൽ കമ്പനിയും' തമ്മിലുള്ള തന്ത്രപരമായ സഹകരണ കരാറിനെ ഇരുപക്ഷവും സ്വാഗതം ചെയ്തു. ഈ കരാർ പ്രകാരം ഇന്ത്യയുടെ തന്ത്രപ്രധാന പെട്രോളിയം കരുതൽ ശേഖരത്തിലേക്കുള്ള യു.എ.ഇയുടെ വിഹിതം 30 ദശലക്ഷം (3 കോടി) ബാരലായി ഉയർത്തും. കൂടാതെ, ഇന്ത്യയിൽ തന്ത്രപ്രധാനമായ വാതക കരുതൽ ശേഖരം സ്ഥാപിക്കുന്നതിനായി ഇരു രാജ്യങ്ങളും സംയുക്തമായി സഹകരിക്കും. യു.എ.ഇ ആസ്ഥാനമായുള്ള കമ്പനികൾ ഇന്ത്യയിൽ 5 ശതകോടി ഡോളറിന്റെ (ഏകദേശം 500 കോടി ഡോളർ) നിക്ഷേപം പ്രഖ്യാപിച്ചതിനെയും ഇരു നേതാക്കളും സ്വാഗതം ചെയ്തു. ആർ.ബി.എൽ (RBL) ബാങ്കിൽ 'എമിറേറ്റ്സ് എൻ.ബി.ഡി' നടത്തുന്ന 3 ദശലക്ഷം ഡോളറിന്റെ നിക്ഷേപം, 'നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ' (NIIF) 'അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി' നടത്തുന്ന ഒരു ബില്യൺ ഡോളറിന്റെ നിക്ഷേപം, 'സമ്മാൻ ക്യാപിറ്റലിൽ' 'ഇന്റർനാഷണൽ ഹോൾഡിംഗ് കമ്പനി' നടത്തുന്ന ഒരു ബില്യൺ ഡോളറിന്റെ നിക്ഷേപം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ഇന്ത്യ-ഇറ്റലി**


ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറ്റലിയിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഇത് ഉഭയകക്ഷി ബന്ധത്തിന് പുതിയ ഉണർവ്വേകി.

ഇന്ത്യ-ഇറ്റലി ബന്ധം ഒരു 'പ്രത്യേക തന്ത്രപരമായ പങ്കാളിത്ത' തലത്തിലേക്ക് ഉയർത്താൻ ഇരു നേതാക്കളും തീരുമാനിച്ചു. കൂടാതെ രാഷ്ട്രീയ ചർച്ചകൾ, സാമ്പത്തിക സഹകരണം, നിക്ഷേപം, കണക്റ്റിവിറ്റി, ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, സ്റ്റാർട്ടപ്പുകൾ, നിർമ്മിത ബുദ്ധി (AI), സൂപ്പർകമ്പ്യൂട്ടിംഗ്, ബഹിരാകാശം, പ്രതിരോധം, സുരക്ഷ, സംസ്കാരം, വിദ്യാഭ്യാസ കൈമാറ്റങ്ങൾ തുടങ്ങിയ മേഖലകളിൽ ഒന്നിച്ച് പ്രവർത്തിക്കാൻ ഇരു നേതാക്കളും തീരുമാനിച്ചു.

ഐക്യരാഷ്ട്രസഭയെ (UN) നിലവിലെ ആഗോള യാഥാർത്ഥ്യങ്ങൾക്ക് അനുസൃതമായി മാറ്റുന്നതിന് അതിൽ അടിയന്തര പരിഷ്കാരങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ഇരു നേതാക്കളും ഊന്നിപ്പറഞ്ഞു. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗത സ്വാതന്ത്ര്യം പുനഃസ്ഥാപിക്കണമെന്നും സുഗമമായ ആഗോള വിതരണ ശൃംഖല ഉറപ്പാക്കണമെന്നും അവർ ആവശ്യപ്പെട്ടു. 2029-ഓടെ ഉഭയകക്ഷി വ്യാപാരം 20 ബില്യൺ യൂറോയായി ഉയർത്താൻ ഇരു നേതാക്കളും ലക്ഷ്യം നിശ്ചയിച്ചു. 2027 ഒക്ടോബർ 'ഇറ്റലിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരിക-വിനോദസഞ്ചാര വർഷമായി' ആഘോഷിക്കാനുള്ള താല്പര്യവും അവർ പ്രകടിപ്പിച്ചു.

**ഇന്ത്യ-ഡെന്മാർക്ക് ഉഭയകക്ഷി സഹകരണം**

ഓസ്ലോയിൽ നടന്ന മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഡെന്മാർക്കിന്റെ ആക്ടിങ് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സണും കൂടിക്കാഴ്ച നടത്തി.



പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

# റോയൽ നോർവീജിയൻ ഓർഡർ ഓഫ് മെറിറ്റ് ബഹുമതി ലഭിച്ചു



- നോർവേ രാജാവ് ഹരാൾഡ് അഞ്ചാമൻ ഓസ്ലോയിൽ നടന്ന പ്രത്യേക ചടങ്ങിൽ വച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ഗ്രാൻഡ് ക്രോസ് ഓഫ് ദി റോയൽ നോർവീജിയൻ ഓർഡർ ഓഫ് മെറിറ്റ്' നൽകി ആദരിച്ചു.
- നോർവേയുടെ പരമോന്നത ബഹുമതി കൂടിയാണ് വിദേശ രാഷ്ട്രത്തലവന്മാർക്കു നൽകുന്ന ഈ പുരസ്ക്കാരം. നോർവേയുടെയും മാനവരാശിയുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നൽകിയ സ്തുത്യർഹ സേവനത്തിനുള്ള അംഗീകാരമായിട്ടാണ് പുരസ്ക്കാരലബ്ധി.
- ഇന്ത്യയും നോർവേയും തമ്മിലുള്ള ചരിത്രപരമായ സൗഹൃദത്തിന് ഈ ബഹുമതി സമർപ്പിക്കുന്നതായി പ്രധാനമന്ത്രി മോദി പറഞ്ഞു. ഇരു രാജ്യങ്ങളിലെയും ജനങ്ങൾ പങ്കിടുന്ന അചഞ്ചലമായ പരസ്പര വിശ്വാസം, ഊഷ്മളത, സൗഹാർദ്ദം എന്നിവയ്ക്കുള്ള ആദരമായാണ് പ്രധാനമന്ത്രി ഇതിനെ വിശേഷിപ്പിച്ചത്.

*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.*

പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനം പരിഹരിക്കുന്നതിനും ഒരുമിച്ച് പ്രവർത്തിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഗ്രീൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പിൽ കൈവരിച്ച പുരോഗതിയെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. പുതിയ സാങ്കേതികവിദ്യകൾ, ആശയവിനിമയം, നൂതന ഗവേഷണം, സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികളും വിദഗ്ധരും തമ്മിലുള്ള അക്കാദമിക വിനിമയങ്ങൾ തുടങ്ങിയ സുപ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. നദികൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പരിഹാരങ്ങൾ വികസിപ്പിക്കാനും പരീക്ഷിക്കാനും സഹായിക്കുന്ന ഒരു 'സ്മാർട്ട് ലാബ്' വാരണാസിയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യയും ഡെൻമാർക്കും സഹകരിച്ചു പ്രവർത്തിക്കും.

## ഇന്ത്യ-നോർവേ ഉഭയകക്ഷി ചർച്ചകൾ

നോർവീജിയൻ പ്രധാനമന്ത്രി ജോനാസ് ഗഹർ സ്റ്റോറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ലോയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇന്ത്യ-നോർവേ ബന്ധങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്തു. വ്യാപാരം, നിക്ഷേപം, ശുദ്ധമായ ഊർജ്ജം, സമുദ്ര വിഭവങ്ങൾ, ശാസ്ത്ര ഗവേഷണം, ഉന്നത വിദ്യാഭ്യാസം, ആർട്ടിക് പഠനങ്ങൾ, ബഹിരാകാശ പ്രവർത്തനങ്ങൾ, ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിഭാ കൈമാറ്റം തുടങ്ങി വിവിധ മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന 'ഗ്രീൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പ്' എന്ന നിലയിലേക്ക് ബന്ധത്തെ ഉയർത്താൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. 2030 ആകുമ്പോഴേക്കും ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ഇരട്ടിയാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ TEPA പ്രകാരം 100 ബില്യൺ യുഎസ് ഡോളറിന്റെ നിക്ഷേപ പ്രതിബദ്ധത നിറവേറ്റുന്നതിനും ഇന്ത്യയിൽ ഒരു ദശലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിവിധ മേഖലകളിലുടനീളം ഊർജ്ജസ്വലമായ ബന്ധങ്ങൾക്കായി പ്രവർത്തിക്കാൻ ബിസിനസ്സ് പ്രതിനിധികളെ ആഹ്വാനം ചെയ്തു. 2026 ജൂണിൽ ഫ്രാൻസിൽ നടക്കാനിരിക്കുന്ന 'ഇന്ത്യ ഇന്നൊവേറ്റ്സ് 2026' എന്ന പരിപാടിയിൽ പങ്കെടുക്കാൻ ഇന്ത്യ നോർവേയെ ക്ഷണിച്ചു.



## പ്രധാനമന്ത്രി മോദിക്ക് അഗ്രിക്കോള മെഡൽ നൽകി ആദരിച്ചു

- ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടനയുടെ (FAO) റോമിലെ ആസ്ഥാനത്ത് വെച്ച് അഭിമാനകരമായ അഗ്രിക്കോള മെഡൽ ഓഫ് ദി ഇയർ 2026 നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ആദരിച്ചു.
- ഇന്ത്യയിലും ആഗോളതലത്തിലും ഭക്ഷ്യസുരക്ഷ, സുസ്ഥിര കൃഷി, ഗ്രാമവികസനം എന്നീ മേഖലകളിലെ അദ്ദേഹത്തിന്റെ അതുല്യമായ നേതൃത്വത്തെ മാനിച്ചാണ് ഈ പുരസ്ക്കാരം നൽകിയത്.
- പ്രധാനമന്ത്രി മോദി ഈ ബഹുമതി ഇന്ത്യൻ കർഷകർക്കും ഇന്ത്യൻ കാർഷിക ശാസ്ത്ര സമൂഹത്തിനുമായി സമർപ്പിച്ചു.

*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.*



പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

# 'മെയ്ക്ക് ഇൻ ഇന്ത്യ' മുതൽ ആഗോള പങ്കാളിത്തങ്ങൾ വരെ

ഓസ്ലോയിൽ നടന്ന ഇന്ത്യ-നോർവേ ബിസിനസ് ആൻഡ് റിസർച്ച് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. ഇന്ത്യയിലെയും നോർവേയിലെയും ബിസിനസ് പ്രമുഖരും ഗവേഷകരും സഹകരണത്തിനുള്ള അവസരങ്ങൾ ചർച്ച ചെയ്യാൻ ഒത്തുചേർന്നു. പരിപാടിയിൽ 50-ലധികം കമ്പനികളുടെ സിഇഒമാരും ഗവേഷണ, ബിസിനസ് മേഖലകളിൽ നിന്നുള്ള പ്രമുഖരും പങ്കെടുത്തു. ഉച്ചകോടിക്ക് മുമ്പ്, സഹകണത്തിനുള്ള മേഖലകൾ പര്യവേക്ഷണം ചെയ്യുന്നതിനായി ഓസ്ലോയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേക ചർച്ചാ സെഷനുകൾ നടന്നു. നീല സമ്പദ്വ്യവസ്ഥ, കപ്പൽ നിർമ്മാണം, പുനരുപയോഗ ഊർജ്ജം, ഹരിത സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണ സാങ്കേതികവിദ്യകൾ, നിർണായക ധാതുക്കൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ സുപ്രധാന മേഖലകളിൽ ഇന്ത്യയിൽ കൂടുതൽ നിക്ഷേപം നടത്താൻ നോർവീജിയൻ നിക്ഷേപകരെ ക്ഷണിച്ചു. പുതിയ പങ്കാളിത്തങ്ങൾ രൂപപ്പെടുത്താനും സഹകരണത്തിനുള്ള പുതുവഴികൾ തിരിച്ചറിയാനും സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്താനും പ്രധാനമന്ത്രി ഇരു രാജ്യങ്ങളിലെയും ബിസിനസ്സ് സമൂഹങ്ങളോട് ആഹ്വാനം ചെയ്തു. ഊർജ്ജം, തുറമുഖങ്ങൾ, ആരോഗ്യ സംരക്ഷണം, കൃഷി, വ്യാപാരം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖ ഡച്ച് കമ്പനികളുടെ സിഇഒമാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഈ ചർച്ചകളിൽ, ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥയിൽ ഡച്ച് കമ്പനികളുടെ വർദ്ധിച്ചുവരുന്ന താൽപ്പര്യത്തെ അദ്ദേഹം അഭിനന്ദിച്ചു, വ്യവസായ പ്രമുഖർ ഇന്ത്യ ഗവണ്മെന്റിന്റെ പരിഷ്കരണ അജണ്ടയെ പ്രശംസിക്കുകയും ഇന്ത്യയ്ക്കായുള്ള അവരുടെ പദ്ധതികൾ പങ്കുവെക്കുകയും ചെയ്തു.

**പ്രധാനമന്ത്രി മോദി സ്വീഡിഷ് ബിസിനസ് പ്രമുഖരുമായി സംവദിച്ചു**

ഇന്ത്യയും സ്വീഡനും തമ്മിലുള്ള ബിസിനസ്സ് ബന്ധം ശക്തിപ്പെടുത്തുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വീഡിഷ് കമ്പനികളുടെ സിഇഒമാരുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വ്യാപാരവും ബിസിനസും മാത്രമല്ല, ആശയങ്ങൾ, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, സഹ-സൃഷ്ടി എന്നിവ കൂടിയാണെന്ന് അദ്ദേഹം വിശദീകരിച്ചു. പരിഷ്കരണം, ശക്തമായ ആഭ്യന്തര ആവശ്യകത, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, ഉത്പാദന വളർച്ച, ആധുനിക അടിസ്ഥാന സൗകര്യ വികസനം എന്നിവയാൽ പിന്തുണയ്ക്കപ്പെടുന്ന ഇന്ത്യയുടെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയെ പ്രധാനമന്ത്രി എടുത്തുകാട്ടി. മേക്ക് ഇൻ ഇന്ത്യ, ദേശീയ ഹരിത ഹൈഡ്രജൻ ദൗത്യം, ദേശീയ നിർണ്ണായക ധാതു ദൗത്യം തുടങ്ങിയ സംരംഭങ്ങൾക്ക് കീഴിൽ ഇന്ത്യയിൽ സാന്നിധ്യമുറപ്പിക്കാൻ അദ്ദേഹം സ്വീഡിഷ് കമ്പനികളെ ക്ഷണിച്ചു.

**യൂറോപ്യൻ ഇൻഡസ്ട്രി റൗണ്ട് ടേബിൾ**

ഗോഥെൻബർഗിൽ നടന്ന യൂറോപ്യൻ ഇൻഡസ്ട്രി റൗണ്ട് ടേബിളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയും യൂറോപ്പും തമ്മിലുള്ള വർദ്ധിച്ചുവരുന്ന സഹകരണത്തെയും സമാന താത്പര്യങ്ങളെയും കുറിച്ച് വിശദീകരിച്ചു. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം മെച്ചപ്പെടുന്നതിനെ അദ്ദേഹം അഭിനന്ദിച്ചു, നിക്ഷേപം, നൂതനാശയങ്ങൾ, ഉത്പാദനം എന്നിവയുമായി ബന്ധപ്പെട്ട ലോകത്തിലെ ഏറ്റവും മികച്ച കേന്ദ്രങ്ങളിലൊന്നായി ഇന്ത്യ മാറിയിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആഗോള വ്യാപാരവും വ്യവസായങ്ങളും സ്ഥിരതയോടെ നിലനിൽക്കുന്നതിനാവശ്യമായ ശക്തവും വിശ്വസനീയവുമായ വിതരണ ശൃംഖലകൾ നിർമ്മിക്കുന്നതിന് ഇന്ത്യയും യൂറോപ്പും സഹകരിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. കൂടാതെ, ഇന്ത്യയിലെ യുവാക്കളും വൈദഗ്ധ്യമുള്ള തൊഴിലാളികളും ലോകമെമ്പാടുമുള്ള ഭാവി സാമ്പത്തിക വളർച്ചയ്ക്ക് വളരെയേറെ സംഭാവന നൽകാൻ പോന്ന ഒരു പ്രധാന നേട്ടമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പുതിയ ബിസിനസ് ആശയങ്ങളെയും പരിസ്ഥിതി സൗഹൃദ കണ്ടുപിടുത്തങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ ഹബ്ബും ഗ്രീൻ ഇന്നൊവേഷൻ ഹാക്കത്തോണും ആരംഭിക്കാൻ ഇരു രാജ്യങ്ങളും നിർദ്ദേശിച്ചു. എല്ലാത്തരം ഭീകരതയെയും ഇരു നേതാക്കളും അസന്ദിഗ്ധമായി അപലപിച്ചു.

**ഇന്ത്യയും നെതർലൻഡ്സും തമ്മിലുള്ള ചർച്ചകൾ**

പ്രധാനമന്ത്രി നരേന്ദ്ര മോദി നെതർലൻഡ്സ് പ്രധാനമന്ത്രി റോബ് ജെറ്റനുമായി അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ (കാറ്റ്ഷൂയിസ്) ചർച്ച നടത്തി. ഇന്ത്യ-നെതർലാൻഡ്സ് ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരു പ്രധാനമന്ത്രിമാരും വിപുലമായ ചർച്ചകൾ നടത്തി. സമാന മൂല്യങ്ങളും വിശ്വാസവും, ഇരു രാജ്യങ്ങളും തമ്മിൽ വർദ്ധിച്ചുവരുന്ന പരസ്പരവിനിമയവും സഹകരണവും പ്രതിഫലിപ്പിച്ചുകൊണ്ട്, ഉഭയകക്ഷി ബന്ധത്തെ 'തന്ത്രപരമായ പങ്കാളിത്തം' ആയി ഉയർത്താൻ നേതാക്കൾ തീരുമാനിച്ചു.



## സ്വീഡൻ പ്രധാനമന്ത്രി മോദിയെ ആദരിച്ചു

- സ്വീഡനിൽ നടന്ന ഒരു പ്രത്യേക ചടങ്ങിൽ, സ്വീഡൻ കിരീടാവകാശി വിക്ടോറിയ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'റോയൽ ഓർഡർ ഓഫ് ദി പോളാർ സ്റ്റാർ, ഡിഗ്രി കമാൻഡർ ഗ്രാൻഡ് ക്രോസ്' നൽകി ആദരിച്ചു.
- പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച സ്വീഡന്റെ ഏറ്റവും പുരാതനവും അഭിമാനകരവുമായ ബഹുമതികളിൽ ഒന്നാണിത്.
- സ്വീഡനുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും മികച്ച പൊതുസേവനത്തിനും വിദേശ ഭരണത്തലവന്മാർക്ക് സ്വീഡൻ നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണിത്.
- പ്രധാനമന്ത്രി മോദി ഈ ബഹുമതി ഇന്ത്യയിലെ 140 കോടി ജനങ്ങൾക്കും ഇന്ത്യയും സ്വീഡനും തമ്മിലുള്ള ശാശ്വത സൗഹൃദത്തിനും സമർപ്പിച്ചു.





**ചോള ചെമ്പ് ഫലകങ്ങൾ കൈമാറി**


പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും നെതർലൻഡ്സ് പ്രധാനമന്ത്രി റോബ് ജെറ്റന്റെയും സാന്നിധ്യത്തിൽ, ലൈഡൻ യൂണിവേഴ്സിറ്റി ലൈബ്രറി പതിനൊന്നാം നൂറ്റാണ്ടിലെ ചോള സാമ്രാജ്യകാലത്തെ ചെമ്പ് ഫലകങ്ങൾ ഇന്ത്യ ഗവണ്മെന്റിന് തിരികെ നൽകി. പതിനൊന്നാം നൂറ്റാണ്ടിൽ ചോള രാജാക്കന്മാർ പുറപ്പെടുവിച്ച രാജകീയ വിളംബരങ്ങളാണ് 21 വലിയ ഫലകങ്ങളും 3 ചെറിയ ഫലകങ്ങളും അടങ്ങുന്ന ചോള സാമ്രാജ്യകാലത്തെ ചെമ്പ് ഫലകങ്ങൾ. തമിഴിലും സംസ്കൃതത്തിലും ഉള്ള ലിഖിതങ്ങൾ ഫലകങ്ങളിൽ അടങ്ങിയിരിക്കുന്നു.

വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, ആധുനിക സാങ്കേതികവിദ്യകൾ, സമുദ്ര പ്രവർത്തനങ്ങൾ, പുനരുപയോഗ ഊർജ്ജം, വിദ്യാഭ്യാസം തുടങ്ങിയ സുപ്രധാന മേഖലകളിൽ തന്ത്രപരമായ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും സഹകരണം വർദ്ധിപ്പിക്കുന്നതിനുമായി ഭാവിസജ്ജമായ ഒരു പദ്ധതി സൃഷ്ടിക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. നിർമ്മിത ബുദ്ധി (AI), സെമികണ്ടക്ടറുകൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിലുള്ള സഹകരണത്തിന് ഇരു നേതാക്കളും ആഹ്വാനം ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ 'മൊബിലിറ്റി പങ്കാളിത്ത'വും സഹകരണവും ശക്തിപ്പെടുത്തുന്നതിനായി ഏറ്റെടുത്തിട്ടുള്ള പുതു സംരംഭങ്ങൾക്ക് ഇരു പ്രധാനമന്ത്രിമാരും പിന്തുണ അറിയിച്ചു. നളന്ദ സർവകലാശാലയും ഗ്രോണിൻഗെൻ സർവകലാശാലയും തമ്മിലുള്ള കരാർ ഒരു ഉദാഹരണമാണ്. ചർച്ചകൾക്ക് ശേഷം, സാങ്കേതികവിദ്യ, ഹരിത ഊർജ്ജം, വ്യാപാരം, ഗതാഗതം, ജല പരിപാലനം, കൃഷി, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ 14 ധാരണാപത്രങ്ങൾ (MoUs) ഒപ്പുവച്ചു. ●

അന്താരാഷ്ട്ര *MSME* ദിനം ജൂൺ 27, 2026

# MSMEകൾ: സാമൂഹിക-സാമ്പത്തിക പുരോഗതിയുടെ നിർണ്ണായക സ്തംഭം

*ഇന്ത്യയുടെ സാമ്പത്തിക, സാമൂഹിക വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക (MSME) മേഖല ഒരു നിർണായക പങ്ക് വഹിക്കുന്നു. MSME കൾ കുറഞ്ഞ മൂലധന ചെലവിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അനുബന്ധ യൂണിറ്റുകളായി പ്രവർത്തിച്ചുകൊണ്ട് വൻകിട വ്യവസായങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നു. കൂടാതെ, ഗ്രാമീണ, പിന്നാക്ക മേഖലകളിൽ വ്യവസായവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നു. എല്ലാ വർഷവും ജൂൺ 27 നാണ് അന്താരാഷ്ട്ര MSME ദിനം ആചരിക്കുന്നത്. ഇന്ത്യ ഗവൺമെന്റിന് കീഴിലുള്ള MSME മന്ത്രാലയം - അതിന് കീഴിലുള്ള വിവിധ സംഘടനകളുമായും സ്ഥാപനങ്ങളുമായും സഹകരിച്ച് - ഈ മേഖലയുടെ വളർച്ചയെ മുന്നോട്ട് നയിക്കുന്നു...*



## MSMEകൾ: തദ്ദേശീയ സമ്പദ്‌വ്യവസ്ഥയുടെ ശാക്തീകരണം

- മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) 31 ശതമാനത്തിലധികവും രാജ്യത്തിൻറെ കയറ്റുമതിയിൽ 48.58 ശതമാനത്തിലധികവും MSME കളുടെ സംഭാവനയാണ്.
- രാജ്യത്തുടനീളമുള്ള 32.8 കോടി ജനങ്ങളുടെ ഉപജീവനമാർഗം MSME കളെ ആശ്രയിച്ചിരിക്കുന്നു. 7.9 കോടിയിലധികം സംരംഭങ്ങളെ ഔപചാരിക സമ്പദ്‌വ്യവസ്ഥയുമായി കൂട്ടിയോജിപ്പിക്കുന്നു.
- 'GeM', 'TReDS', 'SAMADHAAN' തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ്‌ഫോമുകൾ വിപണി പ്രവേശനം മെച്ചപ്പെടുത്തുന്നതിനും വേഗത്തിൽ പണം ലഭിക്കാനും MSME കളെ സഹായിക്കുന്നു.

"

ഇന്ത്യയുടെ ഉത്പാദന മേഖലയുടെയും വ്യാവസായിക വളർച്ചയുടെയും നട്ടെല്ലായി നമ്മുടെ MSME മേഖല വർത്തിക്കുന്നു. 2020 ൽ, MSME കളുടെ നിർവ്വചനം പരിഷ്കരിക്കാനുള്ള സുപ്രധാന തീരുമാനം നാം കൈക്കൊണ്ടു - 14 വർഷത്തിനിടെ ആദ്യമായാണ് MSME കളുടെ നിർവ്വചനം പുതുക്കുന്നത്. പ്രവർത്തനങ്ങൾ വിപുലീകരിച്ചാൽ ഗവൺമെൻറ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന ആശങ്ക ഈ തീരുമാനത്തിലൂടെ പരിഹരിക്കപ്പെട്ടു.

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*




ന്യൂ ഇന്ത്യ
**സമാചാർ**
ദ്വൈവാരിക

**RNI NO.: DELENG/2020/78811 JUNE 16-30, 2026**

RNI Registered No DELENG/2020/78811 (Publishing Date: June 05, 2026 Pages: 36)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003